മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 34 THE ONLINE OFFICIAL NEWS BULLETIN 2026 August 20

SEASON OF TRANSFIGURATION | തേജസ്കരണകാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
23 ♪4 2nd Sunday after Shunoyo	24 ♪8 Comme. of St. Mathew the Apostle 7th Mem. Of Thomas Mar Athanasios (Othara Dayara)	25 ♪4	26 ♪8	27 ♪4	28 ♪8	29 ♪4 Comme. of St. John the Baptist 87th Mem. of Mattackal Alexanderayos Malpan (Niranam Palli)



ഇന്ത്യയുടെ എൺപതാമത് സ്വാതന്ത്ര്യ ദിനത്തിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ദേശീയ പതാക ഉയർത്തി. മാനേജർ യാക്കോബ് റമ്പാൻ സമീപം.



ഫാരിദാബാദ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഇന്ത്യയുടെ എൺപതാമത് സ്വാതന്ത്ര്യ ദിന ആഘോഷം നടത്തി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് ദേശീയ പതാക ഉയർത്തി. ഇടവക വികാരി ഫാ. ജോൺ കെ. ജേക്കബ് സമീപം.



സീനിയർ സിവിൽ പോലീസ് ഓഫീസറായ സന്തോഷ് മാത്യുവിനു മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ലഭിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ശൂരനാട് സെന്റ് തോമസ് ഇടവക അംഗം ആണ്.



കോട്ടപ്പടി അഭയ ഭവൻ വയോജന കേന്ദ്രത്തിന്റെ രണ്ടാം വാർഷികം ആഘോഷിച്ചു. അഭയ ഭവൻ പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. മലബാർ സ്വതന്ത്ര സുറിയാനി സഭ അധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം നിർവഹിച്ചു. സപ്തതി ആഘോഷിക്കുന്ന സിറിൽ മാർ ബസേലിയോസ്സ് മെത്രാപ്പോലീത്തായ്ക്ക് അഭയഭവൻ കുടുംബത്തിന്റെ ആശംസകളും അനുമോദനങ്ങളും മാർ യൂലിയോസ് സമ്മർപ്പിച്ചു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ: ഫൈനൽ അജണ്ട പ്രസിദ്ധീകരിച്ചു

കോട്ടയം: 2026 ഓഗസ്റ്റ് 27-നു മുളന്തുരുത്തി വെട്ടിക്കൽ ദയറായിലെ സെന്റ് ഗ്രീഗോറിയോസ് നഗറിൽ സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ ഫൈനൽ അജണ്ട പ്രസിദ്ധീകരിച്ചു. അസോസിയേഷൻ നടപടിച്ചട്ടങ്ങൾ പ്രകാരമാണ് ഫൈനൽ അജണ്ട പ്രസിദ്ധീകരിക്കുന്നത്. മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിലും, സമ്മേളന നഗരിയായ വെട്ടിക്കൽ ദയറായിലും, സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും (www.mosc.in) ഇത് ലഭ്യമാണെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.



ശാന്തിഗിരി ആശ്രമത്തിൽ നടന്ന ഇന്റർ ഫെയ്ത് ഡയലോഗിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് പങ്കെടുത്തു പ്രസംഗിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മെത്രാപ്പൊലീത്ത സ്ഥാനത്തേക്ക് നാമനിർദേശം ചെയ്യപ്പെട്ടവർ

നാല് മെത്രാപ്പൊലീത്തമാരെ തിരഞ്ഞെടുക്കും

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിൽ 4 പുതിയ മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കാനായി 6 പേരുടെ പട്ടിക പ്രസിദ്ധപ്പെടുത്തി. കോട്ടയം പഴയസെമിനാരിയിൽ ഓഗസ്റ്റ് 31-നു ചേർന്ന സഭാ മാനേജിങ് കമ്മിറ്റി യോഗമാണ് 6 പേരെ നാമനിർദേശം ചെയ്തത്.

എറണാകുളം കീഴില്ലം ഉദയഗിരി മാർ ഗ്രിഗോറിയോസ് പള്ളി വികാരി തോമസ് പോൾ റമ്പാൻ, ദേവലോകം അരമന മാനേജർ യാക്കോബ് തോമസ് റമ്പാൻ, കോട്ടയം സോഫിയ സെന്റർ പ്രോഗ്രാം സെക്രട്ടറി (ഇൻചാർജ്) ഫാ. അനീഷ് കെ. സാം, പരുമല സെമിനാരി മാനേജർ ഫാ. എ. എ. എൽദോസ്, കൊല്ലം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജർ ഫാ. സാംജി ടി. ജോർജ്, ഫിലഡൽഫിയ ബെൻസാലേം സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ഷിബു വേണാട് മത്തായി എന്നിവരെയാണ് നാമനിർദേശം ചെയ്തത്.

27-നു മുളന്തുരുത്തിയിൽ സമ്മേളിക്കുന്ന, സഭയുടെ പാർലമെന്റായ മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസിയേഷൻ പട്ടികയിൽനിന്നു 4 പേരെ തിരഞ്ഞെടുക്കും. 30 ഭദ്രാസനങ്ങളിൽ നിന്നായി നാലായിരത്തിൽപരം പ്രതിനിധികൾ മുളന്തുരുത്തി വെട്ടിക്കൽ ദയറായിൽ നടക്കുന്ന മലങ്കര അസോസിയേഷനിൽ പങ്കെടുക്കും.



ഫാ അനീഷ് കെ. സാം (44): കോട്ടയം സോഫിയാ സെന്റർ പ്രോഗ്രാം സെക്രട്ടറി (ഇൻ ചാർജ്). തുമ്പമൺ ഭദ്രാസനത്തിലെ പത്തനംതിട്ട വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗം. മദ്രാസ് ഭദ്രാസനത്തിലെ തൂത്തുക്കുടി, പൊള്ളാച്ചി പള്ളികളുടെ വികാരി. കോയിക്കലേത്ത് പരേതനായ കെ. വി. സാമുവേലിന്റെയും മറിയാമ്മ സാമുവേലിന്റെയും മകൻ.



ഫാ. എൽദോസ് എ. എ. (46): പരുമല സെമിനാരി മാനേജർ. മലബാർ ഭദ്രാസനത്തിലെ മലപ്പുറം എടക്കര സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. അമ്പാട്ടുപൊട്ടയ്ക്കൽ ഏലിയാസിന്റെയും റബേക്കയുടെയും മകൻ.




ഫാ. സാംജി റ്റി. ജോർജ് (51): കൊല്ലം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജർ. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. താഴത്തേടത്ത് ബംഗ്ലാവിൽ പരേതരായ സണ്ണി ജോർജിന്റെയും അമ്മിണി ജോർജിന്റെയും മകൻ.



ഫാ. ഷിബു വേണാട് മത്തായി (53): ഫിലാഡൽഫിയ ബെൻസാലേം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി. സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ തമിഴ്നാട് നീലഗിരി താളൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. വേണാട് പരേതരായ വി. വൈ. മത്തായിയുടെയും, സാറാമ്മ മത്തായിയുടെയും മകൻ.



ഫാ.തോമസ് പോൾ റമ്പാൻ (53): എറണാകുളം കീഴില്ലം ഉദയഗിരി മാർ ഗ്രീഗോറിയോസ് പള്ളി വികാരി. അങ്കമാലി ഭദ്രാസനത്തിലെ കോതമംഗലം മാർ തോമ്മാ ചെറിയ പള്ളി ഇടവകാംഗം. മാറാച്ചേരിൽ പരേതരായ എം ടി പൗലോസിന്റെയും കെ എം ചിന്നമ്മയുടെയും മകൻ.



ഫാ. യാക്കോബ് തോമസ് റമ്പാൻ (47): ദേവലോകം അരമന മാനേജർ. അങ്കമാലി ഭദ്രാസനത്തിലെ അടിമാലി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. കുരീപ്പറമ്പിൽ പരേതനായ കെ.പി.തോമസിന്റെയും ചിന്നമ്മ തോമസിന്റെയും മകൻ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ

1-6-125. പഴയസെമിനാരി, കോട്ടയം. ഇന്ന് ചേലാകർമ്മം, സുറിയാനി ആണ്ടുപിറപ്പ്, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് എന്നിവരുടെ ഓർമ്മ. രാവിലെ ആനിക്കാടു പള്ളിയിൽ കുർബ്ബാന ചൊല്ലി. നല്ല ജനക്കൂട്ടമുണ്ടായിരുന്നു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഉച്ചയ്ക്കുശേഷം ഇങ്ങോട്ടു പോന്നു.

2-6-125. കോട്ടയം. യൽദായിയ്ക്കു ശേഷം രണ്ടാം ഞായറാഴ്ച. ഇന്ന് നാം വി. കുർബ്ബാന ചൊല്ലി. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ സെക്രട്ടറി റവ. വിസ്സേർട്ട് ഹൂഫ്റ്റ് നമ്മുടെ കുർബ്ബാന കാണുവാൻ വന്നിരുന്നു. അയാൾ ഇവിടെ സംസ്ഥാനാതിഥിയാണ്. വൈകിട്ട് അയാൾക്കു ഇവിടെ ഒരു ഡിന്നർ കൊടുത്തു. അതിൽ സംബന്ധിക്കുവാനായി തീമോത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ബിഷപ്പ് സി. കെ. ജേക്കബും വന്നിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ ഡിന്നറിനുശേഷം വന്നു. പീലക്സിനോസ് മെത്രാച്ചൻ ഡിന്നറിനു ശേഷം ചെങ്ങന്നൂരേയ്ക്കു പോയി. നമ്മുടെ സഭയെപ്പറ്റിയും, നമ്മുടെ ശുശ്രൂഷകളെപ്പറ്റിയും ഹൂഫ്റ്റ് വളരെ സംതൃപ്തി പ്രകടിപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചനും തീമോത്തിയോസ് മെത്രാച്ചനും ഇവിടെ താമസിക്കുന്നു.

3-6-125. കോട്ടയം. നമ്മുടെ സഭാസമാധാനം എങ്ങിനെയാണ് നടത്തേണ്ടതെന്ന് പലർക്കും പല അഭിപ്രായങ്ങളുണ്ട്. ഇപ്പോഴത്തെ വ്യവസ്ഥകൾ അംഗീകരിക്കുവാൻ യാതൊരു നിവൃത്തിയുമില്ലെന്നാണ് ചിലരുടെ അഭിപ്രായം. അതല്ല നാം ഒപ്പിട്ടുപോയതുകൊണ്ട് ഒരു എതിരഭിപ്രായം പുറപ്പെടുവിക്കുന്നത് ഭംഗിയല്ലെന്നു മറ്റൊരു കൂട്ടരുടെ അഭിപ്രായം. മാമ്മൻ മാപ്പിള മുതലായവർ ഇന്നിവിടെ വന്നു വളരെ നേരം ഇവയെക്കുറിച്ചു ചർച്ച നടത്തി. ദീവന്നാസ്യോസ് മെത്രാച്ചനും തീമോത്തിയോസ് മെത്രാച്ചനും ഇവിടെ താമസിക്കുന്നു.

4-6-125. കോട്ടയം. സഭാ സമാധാന വ്യവസ്ഥകളെക്കുറിച്ച് ഇന്നും ചർച്ച നടത്തി. നാളെ നമ്മുടെ കമന്റ്സ് സഹിതം വ്യവസ്ഥകൾ പാത്രിയർക്കീസിനു അയക്കേണ്ടതാണെന്നു അഭിപ്രായപ്പെടുന്നു. നാം യൂലിയോസിനെ ഏല്പിച്ച വ്യവസ്ഥകൾ അദ്ദേഹം പാത്രിയർക്കീസിന് അയയ്ക്കയില്ലെന്നും അറിയുന്നു.

ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവല്ലായ്ക്കു പോയി. കോനാട്ട് അബ്രഹാം കത്തനാർ ഇന്ന് ഇവിടെ വന്നിരുന്നു. മാമ്മൻ മാപ്പിള, പാറേട്ടച്ചൻ മുതൽപേർ ഇവിടെ വന്നിരുന്നു.

5-6-125. വയലത്തല. രാവിലെ പാലാമ്പടം ഡോ. പി. റ്റി. തോമസ് പഴയസെമിനാരിയിൽ വന്ന് നമ്മെ കണ്ടു. മാർ യൂലിയോസിന്റെ അടുക്കൽ പോകണമെന്ന് നിർബ്ബന്ധിച്ചു; നാം വിസമ്മതിച്ചു. വ്യവസ്ഥകൾ നാം പാത്രിയർക്കീസിന്റെ പേർക്ക് അയച്ചുകൊടുത്തുവെന്ന് അയാളോടു പറഞ്ഞു. പാലാമ്പടം പോയിട്ട് മാമ്മൻ മാപ്പിളയെയും കൂട്ടിക്കൊണ്ട് തിരിച്ചു വന്നു. മാർ യൂലിയോസിന്റെ അടുക്കൽ, മഞ്ഞനിക്കരെ, പോകണമെന്ന് മാമ്മൻ മാപ്പിളയും നമ്മെ നിർബ്ബന്ധിച്ചതിനാൽ നാം സമ്മതിച്ചു. എട്ടര മണിയോടു കൂടി വയലത്തലയ്ക്കു തിരിച്ചു. വഴിക്ക് തിരുവല്ലാ ബഥനി അരമനയിൽ കയറി. ദീവന്നാസ്യോസ് മെത്രാച്ചൻ അവിടെയുണ്ടായിരുന്നു. പതിനൊന്നരയോടു കൂടി തിരുവല്ലായിൽ നിന്നും പത്തനംതിട്ട മാക്കാംകുന്ന് പള്ളിയിൽ എത്തി. ഉച്ചഭക്ഷണം കഴിഞ്ഞ് അവിടെ വിശ്രമിച്ചു. നാലു മണിക്ക് അവിടെ നിന്നും തിരിച്ച് അഞ്ചരയോടു കൂടി ഇവിടെ വന്നു. വയലത്തല പള്ളി വകയായി സ്ഥാപിച്ചിരിക്കുന്ന കുരിശിന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. കുരിശിങ്കൽ നിന്നും നമ്മെ മേനാവിൽ കയറ്റി എതിരേറ്റു പള്ളിയിലേക്കു കൊണ്ടുവന്നു. ജനങ്ങൾ ധാരാളമുണ്ടായിരുന്നു. ഇന്നും നാളെയും ഇവിടുത്തെ പെരുന്നാൾ ദിവസമാണ്. ഇവിടെ വെടി വച്ചുകൊണ്ടിരുന്ന ഒരാളുടെ ദേഹം മുഴുവനും, വെടിമരുന്നു കത്തി, പൊള്ളി. അയാളെ ആശുപത്രിയിൽ കൊണ്ടുപോയി.



6-6-125. കടമ്മനിട്ട. ഇന്ന് ദനഹാ പെരുന്നാൾ ദിവസമായിരുന്നു. രാവിലെ വയലത്തല പള്ളിയിൽ വി. കുർബാനയും ദനഹാ പെരുന്നാളിന്റെ ശുശ്രൂഷകളും നടത്തി. ഉച്ചകഴിഞ്ഞ് മൂന്നു മണിയോടു കൂടി മഞ്ഞനിക്കരയ്ക്കു പുറപ്പെട്ടു. വഴിയിൽ വയലത്തല മാർത്തോമ്മാക്കാരുടെ മിഡിൽ സ്കൂളിൽ അവർ നമുക്ക് ഒരു സ്വീകരണം തന്നു. പതിനഞ്ചു മിനിട്ടോളം അവിടെ ഒരു മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് അവർ നമ്മെ സ്വീകരിച്ചതിൽ നന്ദി പ്രകടിപ്പിച്ചു. അവിടെ നിന്നും നാലേകാലിന് മഞ്ഞനിക്കരയെത്തി. പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരും, പാറേട്ട് മാത്യൂസ് കത്തനാരും, സെക്രട്ടറി നൈനാനും, കോട്ടയത്തു നിന്നും മഞ്ഞനിക്കര വന്നു. മാർ യൂലിയോസ് നമ്മെ സന്തോഷപൂർവ്വം സ്വീകരിച്ചു. കുശലപ്രശ്നത്തിനുശേഷം അദ്ദേഹവുമൊന്നിച്ച് മഞ്ഞനിക്കര രണ്ടു പള്ളികളും നാം സന്ദർശിച്ചു. മദ്ബഹായുടെ തിരശ്ശീല മാറ്റി, എങ്കിലും നാം മദ്ബഹായിൽ പ്രവേശിച്ചില്ല. നാം മദ്ബഹായിൽ കയറി ലുത്തിനിയാ നടത്തണമെന്ന് പരമാർത്ഥത്തിൽ അവർക്ക് ആഗ്രഹമുണ്ടായിരുന്നു. പാത്രിയർക്കീസ് ബാവായുടെ കബറിടത്തിൽ ചെന്ന് നാം കൊഹനേന്മാർക്കുള്ള പ്രാർത്ഥന നടത്തി. ധൂപം വച്ചില്ല. അനന്തരം മാർ യൂലിയോസിനോടു യാത്ര പറഞ്ഞ് നാം കടമ്മനിട്ടയ്ക്കു തിരിച്ചു. നാം യാത്ര പറഞ്ഞു കഴിഞ്ഞ് കോട്ടയത്തു നിന്നും പീസ്ലീഗുകാർ മഞ്ഞനിക്കരെ വന്നു. അവർ കൈമുത്തിയ ശേഷം യൂലിയോസിന്റെ അടുക്കൽ പോയി. മാനേജർ കത്തനാരും പാറേട്ടച്ചനും നൈനാനും കോട്ടയത്തിനു പോയി. നാം ആറു മണിയോടു കൂടി കടമ്മനിട്ട പള്ളിയിൽ വന്നു.

7-6-125. ഓമല്ലൂർ വലിയപള്ളി. ഇന്ന് യോഹന്നാൻ മാംദാനയുടെ പുകഴ്ചയുടെ പെരുന്നാൾ ദിവസം. കടമ്മനിട്ടപള്ളിയിൽ വി. കുർബ്ബാന ചൊല്ലി. അവിടെ വച്ച് വയലത്തല സി. ജി. അബ്രഹാം ക്ലേറിക്കും സ്ലീബാദാസൻ സ്കറിയാ ശെമ്മാശനും പൂർണ്ണ ശെമ്മാശുപട്ടവും, കീക്കൊഴൂർക്കാരൻ വറുഗീസിനും, പുത്തൻകാവുകാരൻ ഒരു കൊച്ചനും (ഗബ്രിയേൽ കത്തനാരുടെ അനന്തിരവൻ) യൗപ്പദ്യക്കിനോ പട്ടവും കൊടുത്തു. ഉച്ചയ്ക്കുശേഷം ഓമല്ലൂർ വലിയപള്ളിയിലേയ്ക്കു തിരിച്ചു. അഞ്ചു മണിയോടു കൂടി പള്ളിയിലെത്തി.

കോട്ടയത്തു നിന്നും എം. സി. മാത്യുവും കെ. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു.

8-6-125. നെടുമ്പ്രം വേങ്ങൽപള്ളി. ഇന്ന് സ്തേഫാനോസ് സഹദായുടെ ഓർമ്മദിവസം. രാവിലെ ഓമല്ലൂർ വലിയപള്ളിയിൽ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം പള്ളിയുടെ വടക്കുവശം റോഡരികിൽ പണിയിച്ചിരിക്കുന്ന കുരിശിന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം ഓമല്ലൂർ നിന്നു തിരിച്ചു. വഴിയിൽ തിരുവല്ലാ ബഥനി അരമനയിൽ കയറി. അവിടെ നിന്നും തിരിച്ച് അഞ്ചര മണിയോടു കൂടി ഇവിടെയെത്തി.

9-6-125. പുതിയകാവ് പള്ളി. ദനഹായുടെ ശേഷം ഒന്നാം ഞായറാഴ്ച. വേങ്ങൽ പള്ളിയിൽ വി. കുർബ്ബാന ചൊല്ലി. ഉച്ചയ്ക്കു ശേഷം, പള്ളിവകയായി ആറ്റുകടവിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. മൂന്നര മണിയോടു കൂടി അവിടെ നിന്നും തിരിച്ചു. നെടുമ്പ്രത്ത് പുതുതായി വച്ചിരിക്കുന്ന ചാപ്പലിൽ കയറി. അവിടെ നിന്നും തിരിച്ച് ആറു മണിയായപ്പോൾ ഇവിടെയെത്തി. പള്ളിയിൽ സന്ധ്യാനമസ്കാരത്തിനു ശേഷം ഡോ. എ. ഡി. വർഗീസ് പണിയിച്ചിരിക്കുന്ന പുതിയ ഡിസ്പെൻസറിയുടെ കൂദാശ നടത്തിയിട്ട് തിരിച്ചുവന്ന് പള്ളിക്കെട്ടിടത്തിൽ താമസിച്ചു.

10-6-125. പുതിയകാവ്. വിശ്രമം. ദീവന്നാസ്യോസ് മെത്രാച്ചൻ വന്നു. അദ്ദേഹം ഉച്ചകഴിഞ്ഞ് പത്തനാപുരത്തിനു പോയി.

11-6-125. മൗണ്ട് താബോർ, പത്തനാപുരം. നാം ഇന്നു രാവിലെ മാവേലിക്കര നിന്നും കായംകുളത്തിനു പോയി. ഉച്ചവരെ സെന്റ് ജോർജ് ദയറായിൽ വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് അവിടെ നിന്നും ഇവിടെയെത്തി. കായംകുളത്തു നിന്നും പയ്യമ്പള്ളിൽ ദാവീദ് കത്തനാരും നമ്മോടു കൂടി ഇങ്ങോട്ടു പോന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ ഇവിടെയുണ്ട്.

12-6-125. പത്തനാപുരം. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. ആശ്രമത്തിലെ അംഗങ്ങളായ സി. റ്റി. തോമസ് ശെമ്മാശനും, സി. സഖറിയാ ശെമ്മാശനും, നെടുമ്പ്രം വേങ്ങൽ വർക്കി ശെമ്മാശനും കത്തനാരുപട്ടവും ആശ്രമാംഗങ്ങളായ കോറൂയോ യോഹന്നാന് മ്ശംശോനോ പട്ടവും കുഴിമറ്റത്തച്ചന്റെ അനുജൻ (ആശ്രമാംഗം) മാത്യുവിന് കോറൂയോ സ്ഥാനവും കൊടുത്തു. അതിനുശേഷം വിശ്രമിച്ചു.

13-6-125. കോട്ടയം. രാവിലെ പത്തനാപുരത്തു നിന്നും കാപ്പിമേശയ്ക്കു ശേഷം നാം പുറപ്പെട്ടു. പയ്യമ്പള്ളിൽ ദാവീദ് കത്തനാരുമൊന്നിച്ച് കടമ്പനാട്ട് ഹോറേബ് ദയറായിൽ പോയി. ദയറായുടെ പണി (ജീർണ്ണോദ്ധാരണം) വളരെ ഊർജ്ജിതത്തിൽ നടക്കുന്നു. അവിടെ നിന്നും കടമ്പനാട്ടു വലിയപള്ളിയിൽ ചെന്ന് ഉച്ചനമസ്കാരം നടത്തിയശേഷം തെരുവത്തച്ചന്റെ വീട്ടിൽ പോയി ഉച്ചഭക്ഷണം കഴിച്ചു. അനന്തരം ഇങ്ങോട്ടു തിരിച്ചു. വഴിക്ക് ബഥേൽ ചാപ്പലിന്റെ പടിക്കൽ കാർ നിർത്തി അവിടുത്തെ വിവരങ്ങൾ അന്വേഷിച്ചു. അവിടെ നിന്നും പേരിശ്ശേരി പള്ളിയിലും, ചെങ്ങന്നൂർ ചെറിയപള്ളിയിലും കയറി. ചെങ്ങന്നൂർ നിന്നും തിരിച്ച് നാലര മണിയോടു കൂടി ഇവിടെയെത്തി. തീമോത്തിയോസ് മെത്രാച്ചൻ ഇവിടെയുണ്ട്.

14-6-125. ചെറിയപള്ളി, കോട്ടയം. തീമോത്തിയോസ് മെത്രാച്ചൻ ഇന്നുച്ചയ്ക്കു ശേഷം പാമ്പാടിയിൽ മാർ കുറിയാക്കോസ് ദയറായിലേക്കു പോയി. അവിടെ ഇന്നും നാളെയും പെരുന്നാളാണ്. നാം ഇന്നുച്ചയ്ക്കുശേഷം ഇവിടെ, ചെറിയപള്ളിയിൽ എത്തി. ഇവിടെയും ഇന്നും നാളെയും കന്യകമറിയാമിന്റെ പെരുന്നാളാണ്. നാലു മണിയോടു കൂടി നാം ഇവിടെ എത്തി.

15-6-125. സുറിയാനി സെമിനാരി, കോട്ടയം. ഇന്ന് വിത്തുകളെക്കുറിച്ചു ദൈവമാതാവിന്റെ ഓർമ്മദിവസം. നാം ചെറിയപള്ളിയിൽ, എരുത്തിക്കൽ മർക്കോസ് കത്തനാരുടെയും വട്ടക്കുന്നേൽ മാത്യൂസ് കത്തനാരുടെയും സഹായത്തോടു കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. ഉച്ചയ്ക്കുശേഷം ചെറിയപള്ളിയിലെ റാസ കഴിഞ്ഞ് നാലരയോടു കൂടി നാം ഇങ്ങോട്ടു പോന്നു.

16-6-125. കോട്ടയം. ഇന്ന് ദനഹായ്ക്കു ശേഷം രണ്ടാം ഞായറാഴ്ചയായിരുന്നു. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. തൈക്കടവിലെ, കയ്യിലും മറ്റും മുറിവുള്ള പെൺകുട്ടി ഇവിടെ വന്ന് കുർബ്ബാന കൈക്കൊണ്ടു. കുർബ്ബാനമദ്ധ്യേ നാം ഒരു പ്രസംഗം ചെയ്തു. തീമോത്തിയോസ് മെത്രാച്ചൻ ഇന്നിവിടെ വന്ന ശേഷം മാക്കാംകുന്നു കൺവൻഷനു പോയി. എം. സി. മാത്യുവും കൂട്ടരും ഇവിടെ വന്നിരുന്നു.

17-6-125. കോട്ടയം. മൂന്നു നോമ്പാരംഭം. ഇസ്സഡ്. എം. പാറേട്ട് ഇന്നിവിടെ വന്ന് നമ്മെ കണ്ടു. വേറെ വിശേഷമൊന്നുമില്ല.

18-6-125. കോട്ടയം. മൂന്നു നോമ്പിലെ ഇടനോമ്പു ദിവസം. വിശേഷമൊന്നുമില്ല.

1950 ഫെബ്രുവരി 1 മുതൽ ഇംഗ്ലീഷ് തീയതി

1-2-1950 (19-6-125). കോട്ടയം. മൂന്നു നോമ്പിലെ മൂന്നാം ദിവസം. രാവിലെ പത്തു മണിയോടു കൂടി തീമോത്തിയോസ് മെത്രാച്ചൻ പത്തനംതിട്ട നിന്നും വന്നു. ഉച്ചയ്ക്കു പ്രാർത്ഥനയ്ക്കുശേഷം മാനേജർ കത്തനാർ വി. കുർബ്ബാന ചൊല്ലി.

2-2-1950 (20-6-125). കോട്ടയം. നാം ഇന്ന് പരുമലയ്ക്കു പോകണമെന്നു വിചാരിച്ചിരുന്നു. ശരീരത്തിനു ക്ഷീണമുള്ളതുകൊണ്ട് യാത്ര നാളത്തേക്കു മാറ്റിവച്ചു. മൂന്നു നോമ്പുവീടൽ ദിവസം. മാനേജർ കത്തനാർ വി. കുർബ്ബാന ചൊല്ലി. തൈക്കടവിലെ പെൺകുട്ടി ഇന്ന് വി. കുർബ്ബാന അനുഭവിക്കുവാൻ വന്നുവെങ്കിലും, അവൾ വന്നപ്പോഴേക്കു കുർബ്ബാന കഴിഞ്ഞിരുന്നതിനാൽ, അവൾക്ക് അനുഭവിക്കുവാൻ സാധിച്ചില്ല. തീമോത്തിയോസ് മെത്രാച്ചൻ ഇവിടെയുണ്ട്. വട്ടക്കുന്നേൽ മാത്യൂസ് കത്തനാർ ഇന്ന് വൈകിട്ട് ഇവിടെ വന്നിരുന്നു. സമാധാന കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു.

3-2-1950 (21-6-125). പരുമല. ഇന്ന് ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് നാം ഇങ്ങോട്ടു തിരിച്ചു. വഴിക്ക് തിരുവല്ലാ എം.ജി.എം. ൽ കയറി ഹെഡ്മാസ്റ്റർ കെ. എം. മാത്യുവും മറ്റ് അദ്ധ്യാപകരുമായി ഒരു മണിക്കൂറോളം സംസാരിച്ചു. അതിനുശേഷം തിരിച്ച് ആറു മണിയോടു കൂടി നാം ഇവിടെയെത്തി.

4-2-1950. പരുമല. ഇന്ന് മാരേട്ട് റമ്പാച്ചനും, അരികുപുറത്തു ഗീവറുഗീസ് കത്തനാരും കെ. ബി. മാത്യൂസ് കത്തനാരും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. രാവിലെ ഒമ്പതു മണിയോടു കൂടി മാർ പീലക്സിനോസ് മെത്രാച്ചൻ ഇവിടെ വന്നു. മെത്രാച്ചന് ഷുഗർ, albumin, ബ്ലഡ്പ്രഷർ എന്നീ രോഗങ്ങളുള്ളതായി മദ്രാസിലെ ഡോക്ടർ പറഞ്ഞതായി നമ്മോടു പറഞ്ഞു. വളരെ സൂക്ഷിക്കണമെന്ന് നാമും ആവശ്യപ്പെട്ടു. ഉച്ചകഴിഞ്ഞ് രണ്ടു മണിയോടു കൂടി അദ്ദേഹം തിരിച്ച് ചെങ്ങന്നൂരേയ്ക്കു പോയി. വലിയകുന്നം സ്കൂൾ സംബന്ധിച്ച കാര്യങ്ങൾ പറയുന്നതിലേയ്ക്കു കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർ ഇവിടെ വന്നിരുന്നു.

5-2-1950. കരുവാറ്റാ സുറിയാനി പള്ളി. ഇന്ന് പട്ടക്കാരുടെ ഓർമ്മയുടെ ഞായറാഴ്ചയായിരുന്നു. പരുമല സെമിനാരിയിൽ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം ഒരു പ്രസംഗം ചെയ്തു. ഉച്ചയ്ക്കുശേഷം നാം പരുമല നിന്നും ഇങ്ങോട്ടു പോന്നു. നാലരയോടു കൂടി നാം ഇവിടെയെത്തി.

6-2-1950. കാർത്തികപ്പള്ളി സുറിയാനി പള്ളി. ഇന്ന് കരുവാറ്റാ പള്ളിയിൽ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം കരുവാറ്റാ ഇടവകയിൽപെട്ട തട്ടുപുരയിലെ ഒരു കൊച്ചന്റെ കല്യാണം നടത്തിക്കൊടുത്തു. നാലു മണിയോടു കൂടി നാം ഇവിടെയെത്തി. സ്കൂൾ കെട്ടിടത്തിൽ താമസിക്കുന്നു. ഇവിടുത്തെ ആളുകൾ, ഇപ്പോഴത്തെ സമാധാന വ്യവസ്ഥകൾക്ക് എതിരായിട്ടാണ് കാണുന്നത്.

7-2-1950. പരുമല. ഇന്നു രാവിലെ ഒമ്പതു മണിയോടു കൂടി നാം കാർത്തികപ്പള്ളി പള്ളിയിൽ നിന്നും തിരിച്ചു. മാവേലിക്കര എ. ഡി. വർഗീസിന്റെ പുതിയ ഡിസ്പെൻസറിയുടെ എല്ലാ മുറികളും നാം കയറി സന്ദർശിച്ചു. അതിനുശേഷം നമ്മുടെ തഴക്കര എം. എസ്. എസ്. ഹൈസ്കൂളിൽ പോയി താമസിച്ചു. ഉച്ചമേശയ്ക്കുശേഷം രണ്ടു മണിക്ക് നാം ഇങ്ങോട്ടു പോന്നു.

8-2-1950. പരുമല. ഇന്ന് രാവിലെ ചുണ്ടമണ്ണിൽ അബ്രഹാം കത്തനാർ ഇവിടെ വി. കുർബ്ബാന ചൊല്ലി. ഉച്ചയ്ക്കു ശേഷം തിരുവല്ലാ പുരയ്ക്കൽ പി. എം. ജേക്കബും, ചാത്തമല ചാക്കോച്ചനും കൂടി ഇവിടെ വന്നിരുന്നു. പാത്രിയർക്കീസ് ബാവാ "സമാധാന വ്യവസ്ഥകൾ" അംഗീകരിച്ചതായി കേബിൾ കിട്ടിയിട്ടുള്ളതായി അറിയുന്നു.

9-2-1950. പരുമല. ഇന്ന് രാവിലെ മാനേജർ കെ. ബി. മാത്യൂസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം കാപ്പികുടി കഴിഞ്ഞ് നാം നിരണത്തു പള്ളിയിലേയ്ക്കു പോയി. അവിടെ നിന്നും കിട്ടുവാനുള്ള പുരോഗമന നിധിപ്പിരിവ് ഇതുവരെയും ശരിയായി നടന്നിട്ടില്ല. പഴയസെമിനാരി മാനേജർ

ടി. സി. യാക്കോബ് കത്തനാരും, മണലിൽ യാക്കോബ് കത്തനാരും, ഡെപ്യൂട്ടി സെക്രട്ടറി മി. പി. എൻ. നൈനാനും ഇന്ന് നിരണത്തു വന്ന് നമ്മെ കണ്ടു. “യഥാർത്ഥ സമാധാനത്തിൽ നാം സന്തോഷിക്കുന്നു. വിവരം ഇരുകക്ഷികളെയും അറിയിക്കുക. കല്പന പിന്നാലെ” എന്നുള്ള കേബിൾ പാത്രിയർക്കീസ് ബാവായിൽ നിന്നും മാർ യൂലിയോസിന് കിട്ടിയിട്ടുള്ളതായി പത്രത്തിൽ കണ്ടു. നിരണത്തു നിന്നും അഞ്ചു മണിയോടു കൂടി നാം ഇവിടെ തിരിച്ചെത്തി.

10-2-1950. പരുമല. ഇന്ന് മാരേട്ട് തോമസ് റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലി. ഇന്നുച്ച കഴിഞ്ഞ് അടൂർ സി. ഇ. ലൂക്കോസ് കത്തനാരും തഴവാ പള്ളിയിലെ ചിലരും കൂടി ഇവിടെ വന്നിരുന്നു. തഴവാ പള്ളി സംബന്ധിച്ച കാര്യങ്ങൾ നാം അവിടെയെത്തി കാര്യങ്ങൾ കേട്ടു തീരുമാനിക്കുന്നതു വരെ ട്രസ്റ്റിയായി ഒരാളിനെ നിയമിച്ച് കല്പന കൊടുത്തു. ഉമയാറ്റുകര തോട്ടത്തിവീട്ടിലച്ചനും, മംഗലം പീടികയിൽ ഗീവറുഗീസ് കത്തനാരും വന്നു. മംഗലം പള്ളി സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞു. ...

11-2-1950. പരുമല. ഇന്നുച്ചയ്ക്കു ശേഷം പെരുനാടു ബഥനി സന്യാസിനി മഠത്തിലെ രണ്ടു സന്യാസിനികളും സിലോൺ സെന്റ് മാർഗരറ്റ് കോൺവെന്റിലെ മദർ സുപ്പീരിയറും അവിടുത്തെ ഒരു സിസ്റ്ററും മിസ്സ് ബ്രൂക്ക് സ്മിത്തും കൂടി ഇവിടെ വന്നു നമ്മെ കണ്ടു. അവർ നമുക്ക് ചില കാഴ്ചകളും കൊണ്ടുവന്നു. ചായകുടി കഴിഞ്ഞ് മൂന്നു മണിക്ക് അവർ തിരുവല്ലയ്ക്കു തിരിച്ചുപോയി. ഇന്ന് മാർ യൂലിയോസിൽ നിന്നും, പാത്രിയർക്കീസ് ബാവായുടെ കേബിൾ കിട്ടിയ വിവരത്തിന്, ഒരു എഴുത്ത് കിട്ടിയിട്ടുണ്ട്.

12-2-1950. പരുമല. ഇന്ന് സകല മരിച്ചുപോയവരുടെയും ഓർമ്മയുടെ ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു.

13-2-1950. പരുമല. ഇന്ന് അരികുപുറത്തു ഗീവറുഗീസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം രാവിലെ 7.30-നു മേൽപ്പാടം പള്ളിയിലേക്കു പോയി. അവിടെ വച്ച് കൊട്ടുമുളയിൽ അബ്രഹാമിന്റെ മൂത്ത മകന്റെ കല്യാണവും, ചെങ്ങരൂർ വാഴമനെ ഒരു പെണ്ണിന്റെ കല്യാണവും നടത്തിക്കൊടുത്തു. ഉച്ചയ്ക്കു ശേഷം നാലു മണിയോടു കൂടി നാം ഇവിടെയെത്തി. കോട്ടയത്തു നിന്നും ...

14-2-1950. കോട്ടയം. രാവിലെ എട്ടരയ്ക്കു നാം പരുമല നിന്നും തിരിച്ചു. ഒമ്പതരയ്ക്കു തിരുവല്ലാ ബഥനി അരമനയിലെത്തി. പയ്യമ്പള്ളിൽ അബ്രഹാം കത്തനാരെ എം.ജി.എം. ൽ നിന്നും വിളിപ്പിച്ചു. അയാളുടെ മാനേജ്മെന്റിലുള്ള പ്രൈമറി സ്കൂളിന്റെ കാര്യങ്ങളെപ്പറ്റി സംസാരിച്ചു. ഉച്ചയ്ക്കു മൂന്നരയ്ക്കു നാം ഇങ്ങോട്ടു പോന്നു. നാലേകാലിന് നാം ഇവിടെ എത്തി.

15-2-1950. കോട്ടയം. ഇന്ന് കർത്താവിന്റെ ദേവാലയ പ്രവേശനത്തിന്റെ (മായൽത്തോ) ദിവസം. നാം രാവിലെ വി. കുർബ്ബാന ചൊല്ലി. തലവൂർ നിന്നും പള്ളിക്കേസുമായി കുറെപേർ വന്നു. അച്ചനെയുംകൊണ്ട് അവർ മറ്റന്നാൾ വരാൻ കല്പന കൊടുത്തു.

16-2-1950. കോട്ടയം. ഇന്ന് മാർ ബർസൗമ്മായുടെ ഓർമ്മ. നാം വി. കുർബ്ബാന ചൊല്ലി. ഉച്ചയ്ക്കു ശേഷം പാറേട്ടച്ചൻ ഇവിടെ വന്നു.

17-2-1950. കോട്ടയം. ഇന്നു രാവിലെ കാപ്പിക്കു ശേഷം പുതുപ്പള്ളി സ്കൂളിൽ പോയി. അവിടെ വാർക്കക്കെട്ടിടത്തെ ചേർത്തു പണിയിക്കുന്ന കെട്ടിടത്തിന്റെ പണിയും മറ്റും സന്ദർശിച്ചു. ഹെഡ്മാസ്റ്റർ ഇന്ന് അവിടെ ഉണ്ടായിരുന്നില്ല. മൂന്നരയ്ക്കു നാം അവിടെ നിന്നും തിരിച്ചു. നാലരയ്ക്കു ഇവിടെയെത്തി. വല്യമെത്രാച്ചന്റെ പെരുന്നാളിലും സുന്നഹദോസിലും സംബന്ധിക്കുവാൻ മെത്രാച്ചന്മാർക്ക് കത്തയച്ചു.

18-2-1950. കോട്ടയം. ഇന്ന് തലവൂർ പ്ലാവിളയിൽ മത്തായി കത്തനാരും പള്ളിക്കാരും രാവിലെ വന്നു. അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് നാം അന്വേഷിച്ചു. വേണ്ട തീരുമാനം ചെയ്ത് അവർക്ക് കല്പന കൊടുത്തു. വട്ടക്കുന്നേൽ മാത്യു കത്തനാർ ഇവിടെ വന്നിരുന്നു.

19-2-1950. കോട്ടയം. ഇന്ന് കൊത്തിനെ ഞായറാഴ്ച ആയിരുന്നു. നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. വല്യമെത്രാച്ചന്റെ ഓർമ്മപ്പെരുന്നാളിന്റെ കൊടിമരമിട്ടു. ഇന്ന് പാത്രിയർക്കീസിന്റെ ഏതോ കല്പന യൂലിയോസിനു വന്നിട്ടുള്ളതായി കേൾക്കുന്നു.

20-2-1950. കോട്ടയം. ഇന്ന് തലനോമ്പു ദിവസമായിരുന്നു. അതിരാവിലെ യാക്കോബ് ശെമ്മാശൻ മാളിയേക്കൽ മാത്തുക്കുട്ടിയുടെ വീട്ടിൽ പോയി. അവിടെ നിന്നും, പാത്രിയർക്കീസ് യൂലിയോസിനയച്ച വിവരങ്ങൾ പാലാമ്പടം കുഞ്ഞപ്പൻ മുഖാന്തിരം മാത്തുക്കുട്ടിക്ക് കിട്ടിയത് കൊണ്ടുവന്നു. അതിൻപ്രകാരം ഇപ്പോഴത്തെ സമാധാന സംരംഭം ഫലത്തിൽ എത്തുകയില്ലെന്ന് വിചാരിക്കാം. ഇന്നത്തെ പത്രങ്ങളിലും ഈ വാർത്ത ഉണ്ടായിരുന്നു. ഉച്ചയ്ക്ക് ശുബക്കോനോയുടെ ശുശ്രൂഷകളും മറ്റും കഴിച്ചു. വൈകിട്ട് തിയോളജിക്കൽ സെമിനാരി വിദ്യാർത്ഥികൾ ഇവിടെ വന്നിരുന്നു. അവർ നമസ്കാരം കഴിഞ്ഞ് മടങ്ങിപ്പോയി.

21-2-1950. കോട്ടയം. ഇന്ന് മാർ സേവേറിയോസിന്റെ ഓർമ്മദിവസമായിരുന്നു. നോമ്പായതിനാൽ വി. കുർബ്ബാന ചൊല്ലിയില്ല. പ്രത്യേക പ്രാർത്ഥനകൾ നടത്തി. ഉച്ചയ്ക്കുശേഷം തീമോത്തിയോസ് മെത്രാച്ചൻ മൂവാറ്റുപുഴ നിന്നും വന്നു. പാത്രിയർക്കീസിന്റെ ഒരു കല്പന വന്നിട്ടുള്ളതായി അറിയിച്ചുകൊണ്ട് യൂലിയോസിന്റെ ഒരു കത്ത് ഇന്ന് നമുക്ക് കിട്ടി.

22-2-1950. കോട്ടയം. ഇന്ന് കൂറിയാക്കോസ് റമ്പാച്ചനും മാരേട്ട് തോമസ് റമ്പാച്ചനും വന്നിട്ടുണ്ട്.

23-2-1950. കോട്ടയം. ഇന്ന് രാവിലെ പീലക്സിനോസ് മെത്രാച്ചൻ വന്നു. ഉച്ചയ്ക്കുശേഷം കെ. സി. മാമ്മൻ മാപ്പിള, എം. സി. മാത്യു, ഫാ. മാത്യൂസ് പാറേട്ട്, ഇസ്സഡ്. എം. പാറേട്ട്, ഫാ. വി. കെ. മാത്യു, കെ. ചെറിയാൻ മുതലായവരും വന്നു. രണ്ടു മണിക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി മാളികയിൽ വച്ച് സുന്നഹദോസ് കൂടി. പീലക്സിനോസ് മെത്രാച്ചനും, മാമ്മൻ മാപ്പിളയും, എം. സി. മാത്യുവും ഇപ്പോഴത്തെ സമാധാന വ്യവസ്ഥകളെ അനുകൂലിച്ചു നിന്നു. ബാക്കി എല്ലാവരും എതിർത്തു. സുന്നഹദോസ് കഴിയുന്നതിനു മുമ്പെ പീലക്സിനോസ് മെത്രാച്ചനും എം. സി. മാത്യുവും സ്ഥലം വിട്ടു. നാളെ വീണ്ടും സുന്നഹദോസ് കൂടുന്നതാണ്.

24-2-1950. കോട്ടയം. ഇന്നും നാളെയും വല്യമെത്രാച്ചന്റെ ഓർമ്മപെരുന്നാൾ ദിവസങ്ങളാണ്. ഇന്ന് സുന്നഹദോസ് കൂടി. ദീവന്നാസ്യോസ് മെത്രാച്ചനും തേവോദോസ്യോസ് മെത്രാച്ചനും വന്നു. സി. പി. മാത്തൻ, മാമ്മൻ മാപ്പിള, എം. സി. മാത്യു മുതലായവർ ഇന്നത്തെ ആലോചനകളിൽ പങ്കെടുത്തു. വല്യമെത്രാച്ചന്റെ ഓർമ്മ സംബന്ധിച്ച് ഇന്ന് വൈകിട്ട് പ്രത്യേക പ്രാർത്ഥനകളും റാസയും കരിമരുന്നു പ്രയോഗവും നടത്തി.

25-2-1950. കോട്ടയം. ഇന്ന് തേവോദോറോസിന്റെയും അപ്രേമിന്റെയും ഓർമ്മദിവസം. വല്യ മെത്രാച്ചന്റെ ഓർമ്മപ്പെരുന്നാൾ ദിവസം. രാവിലെ നാമും തീമോത്തിയോസ് മെത്രാച്ചനും തേവോദോസ്യോസ് മെത്രാച്ചനും കൂടി വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗിച്ചു. അതിനുശേഷം കബറിങ്കൽ ധൂപപ്രാർത്ഥനയും, റാസയും ഉണ്ടായിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് “സമാധാന”ത്തെപ്പറ്റി ആലോചിച്ചു. ആലോചനകളിൽ ഇ. ജെ. ഫീലിപ്പോസ് പങ്കുകൊണ്ടു. പീലക്സിനോസ് മെത്രാച്ചൻ രാവിലെ വന്നു. തീമോത്തിയോസ് മെത്രാച്ചൻ ഒഴികെ ബാക്കിയെല്ലാവരും അഞ്ചു മണിയോടു കൂടി പോയി. തീമോത്തിയോസ് മെത്രാച്ചൻ ഇവിടെ താമസിക്കുന്നു. ഇ. ജോൺ കുരുവിള ഇന്ന് ഇവിടെ വന്നിരുന്നു.

26-2-1950. കോട്ടയം. ഇന്ന് നോമ്പിൽ രണ്ടാമത്തെ ഞായറാഴ്ചയായ ‘ഗർബോ’ ഞായറാഴ്ച ആയിരുന്നു. രാവിലെ ആറു മണിക്ക് മണലിൽ യാക്കോബ് കത്തനാർ വി. കുർബ്ബാന ചൊല്ലി. അതിനുശേഷം ഏഴരയ്ക്കു നാമും തീമോത്തിയോസ് മെത്രാച്ചനും മറ്റും പള്ളിയകത്തു പോയി. മെത്രാച്ചൻ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഇന്ന് ഇ. ജെ. ഫീലിപ്പോസ്, എം. സി. മാത്യു മുതലായവർ വന്നിരുന്നു. ഇപ്പോഴത്തെ സമാധാന വ്യവസ്ഥകൾ പ്രസിദ്ധം ചെയ്യുന്നത് രണ്ടാഴ്ച കൂടി കഴിഞ്ഞിട്ടു മതിയെന്നാണ് ഫീലിപ്പോച്ചന്റെയും മറ്റെല്ലാവരുടെയും അഭിപ്രായം. മെത്രാച്ചൻ നാലു മണിയോടു കൂടി തിയോളജിക്കൽ സെമിനാരിയിലേക്കു പോയി.

27-2-1950. കോട്ടയം. ഇന്ന് വിശേഷമൊന്നുമില്ല. മംഗലത്തു പള്ളി ഇടവകക്കാരായ രണ്ടുപേർ വന്ന് പീടികയിൽ തോമസ് കത്തനാരുടെ പേരിൽ പരാതികൾ പറഞ്ഞു. അവയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ അധികാരപ്പെടുത്തിക്കൊണ്ട് ഓതറ മാത്യൂസ് കത്തനാരുടെ പേർക്ക് കല്പന അയച്ചു.

(തുടരും)

പൊതു ഹൂസോയോ: കരുണയുടെ മുമ്പിൽ മനുഷ്യനാകുന്ന സഭ

ഫാ. ഗീവർഗീസ് ബേബി

ഓർത്തഡോക്സ് ആരാധനയിൽ ചില പ്രാർത്ഥനകൾ നാം ചൊല്ലിത്തീരുന്നവയല്ല. വർഷങ്ങളുടെ ആവർത്തനത്തിലൂടെ അവ നമ്മുടെ ഉള്ളിലേക്ക് ഇറങ്ങുന്നു. ദൈവത്തെ എങ്ങനെ കാണണം, സ്വന്തം വീഴ്ചകളെ എങ്ങനെ നേരിടണം, മറ്റൊരു മനുഷ്യനെ എങ്ങനെ കാണണം, മരണത്തെ എങ്ങനെ അഭിമുഖീകരിക്കണം എന്നതിന്റെ ഒരു ഭാഷ അവ നമ്മിൽ സൃഷ്ടിക്കുന്നു. ഒരിക്കൽ നമ്മൾ തിരിച്ചറിയുന്നു: നാം ആ പ്രാർത്ഥന ചൊല്ലുക മാത്രമായിരുന്നില്ല; ആ പ്രാർത്ഥന നമ്മെയും മെനയുകയായിരുന്നു.

ഓർത്തഡോക്സ് ആരാധനയിലെ ഹൂസോയോ പാപപരിഹാര പ്രാർത്ഥന അത്തരമൊരു പ്രാർത്ഥനാരൂപമാണ്. ആരാധനയിൽ സാന്ദർഭികമായി മറ്റു ഹൂസോയോകൾ കണ്ടെത്താമെങ്കിലും, ഇവിടെ നമ്മുടെ ശ്രദ്ധ പൊതു ഹൂസോയോയിലാണ്. “പാപപരിഹാരം നൽകുന്നവനും, വെടിപ്പാക്കുന്നവനും...‘ എന്നു ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ട് ആരംഭിക്കുന്ന ഈ പ്രാർത്ഥന എന്താണ് പറയുന്നത് എന്നതിനൊപ്പം, അത് നമ്മോട് എന്താണ് ചെയ്യുന്നത് എന്നതുകൂടിയാണ് അന്വേഷണം.

കരുണയുടെ പുരാതന ഭാഷ

പടിഞ്ഞാറൻ സുറിയാനി ആരാധനാപാരമ്പര്യത്തിന്റെ സമ്പന്നമായ പ്രാർത്ഥനാലോകത്തിലാണ് ഹൂസോയോയുടെ സ്ഥാനം. പാപപരിഹാരം, ക്ഷമ, ശുദ്ധീകരണം, ദൈവകരുണ എന്നിവ അതിന്റെ അടിസ്ഥാനഭാവങ്ങളാണ്. പ്രുമിയോൻ, സെദ്റോ, ധൂപാർപ്പണം എന്നിവയുമായി ബന്ധപ്പെട്ട ഈ ആരാധനാപാരമ്പര്യം സഭയുടെ രക്ഷാബോധത്തിന് സമ്പന്നമായൊരു പ്രാർത്ഥനാഭാഷ നൽകുന്നു.

വിശുദ്ധ കുർബാനയിലെ അതിന്റെ സ്ഥാനവും ശ്രദ്ധേയമാണ്. വചനവായനകൾക്കും സുവിശേഷപ്രഘോഷണത്തിനും ശേഷമുള്ള പ്രാർത്ഥനാക്രമത്തിൽ ഹൂസോയോയും സെദ്റോയും വരുന്നു; തുടർന്ന് ധൂപകലശത്തിന്റെ ആശീർവാദവും വിശ്വാസപ്രമാണവും. അതിനുശേഷം സഭ അർപ്പണത്തിന്റെ പ്രധാനഘട്ടത്തിലേക്ക് പ്രവേശിക്കുന്നു.

അതുകൊണ്ട് ഈ പ്രാർത്ഥനയുടെ സ്ഥാനം തന്നെ ഒരു ദൈവശാസ്ത്ര പ്രഖ്യാപനമാണ്. വചനം കേട്ട സഭ സ്വന്തം യോഗ്യത പ്രഖ്യാപിച്ചുകൊണ്ടല്ല വി. രഹസ്യങ്ങളിലേക്ക് നീങ്ങുന്നത്. അവൾ കരുണയുടെ മുമ്പിൽ നിൽക്കുന്നു.

“ഞങ്ങൾ യോഗ്യരാണ്” എന്ന അവകാശവാദത്തിലൂടെയല്ല; “ഞങ്ങളെ യോഗ്യരാക്കണമേ” എന്ന അപേക്ഷയിലൂടെയാണ് അവളുടെ യാത്ര.

പാപപരിഹാര പ്രാർത്ഥന പാപത്തിൽ തുടങ്ങുന്നില്ല

പൊതു ഹൂസോയോയുടെ ആദ്യവാക്കുകളിൽതന്നെ അതിന്റെ ദൈവശാസ്ത്ര ഹൃദയം കാണാം:

“പാപപരിഹാരം നൽകുന്നവനും, വെടിപ്പാക്കുന്നവനും, അകൃത്യങ്ങളെ ക്ഷമിക്കുകയും, കറകൾ തുടച്ചുനീക്കി അവ വിസ്മരിക്കുന്നവനുമായ ദൈവമായ കർത്താവേ...”

പാപപരിഹാര പ്രാർത്ഥനയായിട്ടും അത് മനുഷ്യന്റെ പാപത്തിൽ തുടങ്ങുന്നില്ല.

ദൈവത്തിൽ തുടങ്ങുന്നു.

“ഞാൻ പാപിയാണ്” എന്നു പറയുന്നതിനു മുമ്പ് ആരാധന ചോദിക്കുന്നതുപോലെ: നീ ആരുടെ മുമ്പിലാണ് നിൽക്കുന്നത്?

അവൻ ക്ഷമിക്കുന്നവനാണ്.

വെടിപ്പാക്കുന്നവനാണ്.

കറകൾ തുടച്ചുനീക്കുന്നവനാണ്.



അവ വിസ്മരിക്കുന്നവനാണ്.

ഇവ ഒരേ ആശയത്തിന്റെ ആവർത്തനങ്ങളല്ല; കരുണയുടെ ആഴപ്പെടലാണ്.

ക്ഷമിക്കുന്ന ദൈവം കുറ്റത്തിന്റെ ബന്ധത്തിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുന്നു. വെടിപ്പാക്കുന്ന ദൈവം പാപം സൃഷ്ടിച്ച അശുദ്ധിയിലേക്ക് ശുദ്ധീകരണമായി കടന്നുവരുന്നു. കറകൾ തുടച്ചുനീക്കുന്ന ദൈവത്തിന്റെ കരുണ തെറ്റിന്റെ പ്രവൃത്തിയിൽ മാത്രമല്ല, അത് മനുഷ്യനിൽ അവശേഷിപ്പിച്ച അടയാളങ്ങളിലേക്കുപോലും എത്തുന്നു.

ഒടുവിൽ അവൻ വിസ്മരിക്കുന്നു./ഓർക്കാതിരിയ്ക്കുന്നു

മനുഷ്യന് ക്ഷമിച്ചിട്ടും ഓർത്തുവയ്ക്കാം. “ഞാൻ ക്ഷമിച്ചു; പക്ഷേ മറന്നിട്ടില്ല” എന്നു പറയാം. പൊതുഹൂസോയോ വരയ്ക്കുന്ന ദൈവം ക്ഷമിച്ച പാപത്തെ മനുഷ്യന്റെമേൽ വീണ്ടും വീണ്ടും തെളിവായി ഉയർത്തുന്നവനല്ല.

ഈ വിസ്മരണം പാപം സംഭവിച്ചിട്ടില്ലെന്ന ഭാവമല്ല. സംഭവിച്ച പാപത്തിന് മനുഷ്യന്റെ ഭാവിയെ തടവിലാക്കാനുള്ള അധികാരം നിഷേധിക്കുകയാണ്.

അതിനാൽ അനുതാപത്തിന്റെ തുടക്കം മനുഷ്യന്റെ കുറ്റബോധമല്ല; ദൈവത്തിന്റെ കരുണയാണ്. സ്വന്തം പാപത്തെക്കുറിച്ചുള്ള ഭയത്തിൽനിന്ന് മനുഷ്യൻ ദൈവത്തെ നിർമ്മിക്കുകയല്ല; ദൈവത്തിന്റെ കരുണയുടെ വെളിച്ചത്തിലാണ് മനുഷ്യൻ സ്വന്തം പാപത്തെ നേരിടുന്നത്.

“എന്റെ” എന്നതിൽനിന്ന് “ഞങ്ങളുടെ” എന്നതിലേക്ക്

ദൈവത്തിന്റെ കരുണ പ്രഖ്യാപിച്ചശേഷം പ്രാർത്ഥന പറയുന്നു:

“എണ്ണപ്പെടുവാൻ പാടില്ലാത്തവണ്ണം വളരെ വലുതായ എന്റെ മഹാപാപങ്ങളെയും...”

ഈ വാക്കുകൾ അൾത്താരയ്ക്കു മുമ്പിൽ നിൽക്കുന്ന പുരോഹിതന്റെ വായിലാണ്. വസ്ത്രമുണ്ട്, ശുശ്രൂഷയുണ്ട്, സഭ ഏല്പിച്ച ഉത്തരവാദിത്തമുണ്ട്. എന്നാൽ അവയൊന്നും അയാളെ മനുഷ്യാവസ്ഥയ്ക്ക് മുകളിലാക്കുന്നില്ല.

അയാൾക്കും പറയണം: “എന്റെ മഹാപാപങ്ങൾ.”

ഇവിടെ ആരാധന അധികാരത്തെ ശുദ്ധീകരിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവൻ ആദ്യം താനും കരുണ ആവശ്യമുള്ളവനാണെന്ന് ഏറ്റുപറയുന്നു. മറ്റൊരാളുടെ വീഴ്ചയെ വിധിക്കുന്നതിന് മുമ്പ് സ്വന്തം നിലനിൽപ്പുതന്നെ കരുണയുടെ ദാനമാണെന്ന് തിരിച്ചറിയുന്നു.

എന്നാൽ പൊതു ഹൂസോയോ അയാളെ സ്വന്തം പാപത്തിനു മുമ്പിൽ ഒറ്റയ്ക്കു നിർത്തുന്നില്ല. “എന്റെ” എന്നു തുടങ്ങിയ പ്രാർത്ഥന ഉടനെ വിശ്വാസികളായ ജനത്തിലേക്ക് വികസിക്കുന്നു. ഭാഷ മാറുന്നു:

ഞങ്ങൾ. ഞങ്ങളുടെ. ഞങ്ങളോട്. ഞങ്ങളെ.

ഈ സർവനാമ മാറ്റത്തിനുള്ളിൽ ഒരു വലിയ മനുഷ്യദർശനമുണ്ട്.

ഞാൻ? ഞങ്ങൾ.

വ്യക്തി ഇല്ലാതാകുന്നില്ല; അയാൾ ബന്ധത്തിലേക്ക് വികസിക്കുന്നു. എന്റെ രക്ഷപോലും എന്റെ സ്വകാര്യസ്വത്തായി അവശേഷിക്കുന്നില്ല. ദൈവസന്നിധിയിൽ നിൽക്കുമ്പോൾ മറ്റുള്ളവരെയും ഞാൻ എന്നോടൊപ്പം കൊണ്ടുവരുന്നു.

മരണത്തിന് അവസാനിപ്പിക്കാനാകാത്ത "ഞങ്ങൾ"

ഈ "ഞങ്ങൾ" ജീവിച്ചിരിക്കുന്നവരിൽ അവസാനിക്കുന്നില്ല.

മാതാപിതാക്കൾ, സഹോദരീ സഹോദരന്മാർ, വേദാധ്യാപകർ, ഗുരുക്കന്മാർ, വാങ്ങിപ്പോയവർ, പരിശുദ്ധ സഭയുടെ മക്കളായി വാങ്ങിപ്പോയ സകല വിശ്വാസികളും പ്രാർത്ഥനയ്ക്കുള്ളിലേക്ക് വരുന്നു.

അപ്പോൾ ആരാധനയിൽ നിൽക്കുന്ന സഭ കണ്ണുകൊണ്ട് കാണുന്ന വിശ്വാസിസമൂഹം മാത്രമല്ല. മരണം പിരിച്ചവരും പ്രാർത്ഥനയുടെ ബന്ധത്തിനുള്ളിലാണ്.

സഭയുടെ "ഞങ്ങൾ" ശവക്കുഴിയുടെ അരികിൽ അവസാനിക്കുന്നില്ല.

വാങ്ങിപ്പോയവരെ ഓർക്കുന്നത് വെറും ഭൂതകാലസ്മരണയല്ല; മരണത്തിനുപോലും പൂർണമായി അവസാനിപ്പിക്കാനാവാത്ത കൂട്ടായ്മയുടെ പ്രഖ്യാപനമാണ്.

വിധിയെ വലയം ചെയ്യുന്ന കരുണ

പൊതു ഹൂസോയോ പാപത്തിന്റെ ഗൗരവത്തെയും മറച്ചുവയ്ക്കുന്നില്ല. "ഞങ്ങളുടെ പാപങ്ങൾ മൂലം ഞങ്ങളുടെമേൽ വിധിക്കപ്പെട്ടിരിക്കുന്ന സകല കഠിനശിക്ഷകളും..." എന്നും "കോപവടികൾ കാരുണ്യപൂർവം തടുത്തുമാറ്റണമേ" എന്നും പ്രാർത്ഥിക്കുന്നു.

വിധിയുണ്ട്. ഉത്തരവാദിത്തമുണ്ട്.

എന്നാൽ അതിനെ ചുറ്റിനിൽക്കുന്ന ഭാഷ ശ്രദ്ധിക്കണം: സ്നേഹം, കരുണ, കൃപ, ആർദ്രത, അനുകമ്പ, വിമോചനം, സഹായം, സംരക്ഷണം, സമാധാനം.

അതുകൊണ്ട് വിധി അവസാനവാക്കല്ല.

വിധിയെ കരുണ വലയം ചെയ്യുന്നു.

പാപത്തെ മായിക്കുന്ന ദൈവം മനുഷ്യനെ മായിക്കുന്നില്ല.

അനുതാപത്തിന്റെ കണ്ണുനീർ

അനുതാപത്തിന് കണ്ണുനീർ അപരിചിതമല്ല. സ്വന്തം തെറ്റ് തിരിച്ചറിഞ്ഞവന്റെ കണ്ണുനീർ, നഷ്ടപ്പെട്ടതിന്റെ കണ്ണുനീർ, മടങ്ങിവരാൻ ആഗ്രഹിക്കുന്നവന്റെ കണ്ണുനീർ ക്രിസ്തീയ ആത്മീയതയ്ക്ക് ഇവയെല്ലാം പരിചിതമാണ്.

എന്നാൽ പൊതുഹൂസോയോയുടെ മുമ്പിൽ മറ്റൊരു കണ്ണുനീർ കൂടി സാധ്യമാകുന്നു.

അത് ഗുരുവിനെ കാണാതായ മഗ്ദലനയുടെ അന്വേഷണത്തിന്റെ കണ്ണുനീർ മാത്രം അല്ല. സ്വന്തം അയോഗ്യതയുടെ ആഴവും അതിനെക്കാൾ വലിയ കരുണയും ഒരേ നിമിഷത്തിൽ കാണുന്ന മനുഷ്യന്റെ കണ്ണുനീരാണത്.

"എന്റെ മഹാപാപങ്ങൾ" എന്നു പറയുന്ന അതേ മനുഷ്യൻ ഇപ്പോഴും അൾത്താരയ്ക്കു മുമ്പിൽ നിൽക്കുന്നു. വീണ്ടും പ്രാർത്ഥിക്കാൻ അനുവദിക്കപ്പെട്ടിരിക്കുന്നു. വീണ്ടും "എന്റെ നാഥാ" എന്നു വിളിക്കാം. വീണ്ടും വിശുദ്ധ രഹസ്യങ്ങളുടെ മുമ്പിൽ നിൽക്കാം.

അപ്പോൾ ഒരു ചോദ്യം കണ്ണുനീരായി ഉള്ളിൽ ഉയർന്നേക്കാം:

ഇത്രയൊക്കെയായിട്ടും നീ എന്നെ ഉപേക്ഷിച്ചില്ലല്ലോ?

ഇത് സ്വന്തം യോഗ്യത കണ്ടെത്തിയവന്റെ കണ്ണുനീരല്ല.

സ്വന്തം അയോഗ്യതയെക്കാൾ വലിയ സ്നേഹം കണ്ടെത്തിയവന്റെ കണ്ണുനീരാണ്.

അനുതാപത്തിന്റെ ഏറ്റവും ആഴമുള്ള കണ്ണുനീർ "ഞാൻ അയോഗ്യനാണ്" എന്ന തിരിച്ചറിവിൽ മാത്രം ജനിക്കുന്നതല്ല; അയോഗ്യനായ മനുഷ്യനെ വീണ്ടും തന്റെ സന്നിധിയിലേക്ക് വിളിക്കുന്ന സ്നേഹത്തിന്റെ അത്ഭുതത്തിലാണ്.

അതുകൊണ്ട് പൊതുഹൂസോയോ മനുഷ്യനെ സ്വന്തം പാപം കണ്ടു കരയാൻ മാത്രം പഠിപ്പിക്കുന്നില്ല. സ്വന്തം പാപത്തെക്കാൾ വലിയ സ്നേഹം കണ്ടു കരയാനും പഠിപ്പിക്കുന്നു.

ക്ഷമയിൽനിന്ന് സമാധാനത്തിലേക്ക്

പൊതുഹൂസോയോ പാപക്ഷമയിൽ അവസാനിക്കുന്നില്ല:

"സമാധാനമുണ്ടാക്കുന്നവർക്ക് നീ നൽകുന്ന ഭാഗ്യകരമായ അനുഭവത്തിന് ഞങ്ങളെ യോഗ്യരാക്കണമേ...'

ക്ഷമിക്കപ്പെടേണ്ട മനുഷ്യൻ ഇപ്പോൾ സമാധാനം സൃഷ്ടിക്കേണ്ട മനുഷ്യനാകുന്നു.

ദൈവം എന്നോട് കരുണ കാണിച്ചു എന്നത് സ്വകാര്യ ആത്മീയ ആശ്വാസമായി അവസാനിക്കാനാവില്ല. ഞാൻ മറ്റൊരാളെ എങ്ങനെ കാണുന്നു, സംസാരിക്കുന്നു, ക്ഷമിക്കുന്നു, തകർന്ന ബന്ധങ്ങളുടെ നടുവിൽ എങ്ങനെ നിൽക്കുന്നു അവിടെയെല്ലാം ആ കരുണയ്ക്ക് ശരീരം ലഭിക്കണം.

സ്വീകരിച്ച കരുണ ജീവിക്കപ്പെടുന്ന കരുണയാകണം.

തുടർന്ന് പ്രാർത്ഥന "നിന്റെ ദൈവത്വത്തിന് പ്രീതികരമായ ക്രിസ്തീയ പരിപൂർണത ഞങ്ങൾക്ക് സൗജന്യമായി നൽകണമേ" എന്ന് അപേക്ഷിക്കുന്നു. ഇവിടെ പരിപൂർണതപോലും മനുഷ്യന്റെ ആത്മീയ നേട്ടമല്ല; ദാനമാണ്.

ഒടുവിൽ പ്രാർത്ഥന ജീവിതത്തിന്റെ അവസാന അതിർത്തിയിലെത്തുന്നു:

"നല്ല അവസാനത്തിന് ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമേ...'

വീണ്ടും അതേ "ഞങ്ങൾ".

"എനിക്ക് നല്ല അവസാനം" എന്നല്ല 'ഞങ്ങളെ എല്ലാവരെയും."

ജീവിതത്തിലും കൂട്ടായ്മ. അനുതാപത്തിലും കൂട്ടായ്മ. ക്ഷമയിലും മരണത്തിലും പ്രത്യാശയിലും കൂട്ടായ്മ. പൊതുഹൂസോയോയുടെ "ഞങ്ങൾ" അവസാനശ്വാസം വരെ മനുഷ്യനെ വിട്ടുപോകുന്നില്ല.

ഹൂസോയോ നമ്മെയും ചൊല്ലുന്നു

ഒരു ദിവസം പൊതുഹൂസോയോ ചൊല്ലുന്നത് ഒരു ആരാധനാനുഭവമാണ്. വർഷങ്ങളോളം അതേ പ്രാർത്ഥനയുടെ മുമ്പിൽ നിൽക്കുന്നത് മറ്റൊന്നാണ്.

ആ വാക്കുകൾ പതുക്കെ മനുഷ്യന്റെ ഉള്ളിലേക്ക് ഇറങ്ങുന്നു:

ദൈവം കരുണയുള്ളവനാണ്. ഞാൻ പാപിയാണ്; എന്നിട്ടും ഉപേക്ഷിക്കപ്പെട്ടിട്ടില്ല. ഞാൻ ഒറ്റയ്ക്കല്ല. വാങ്ങിപ്പോയവരും ഞങ്ങളുടേതാണ്. വിധിയുണ്ട്; എന്നാൽ കരുണ അതിനേക്കാൾ വലുതാണ്. ക്ഷമിക്കപ്പെട്ടാൽ സമാധാനം സൃഷ്ടിക്കണം. പരിപൂർണത ദാനമാണ്. അവസാനവും ദൈവത്തിന്റെ കൈകളിലാണ്.

അങ്ങനെ ആരാധന അറിവ് നൽകുക മാത്രമല്ല ചെയ്യുന്നത്.

ആരാധന മനുഷ്യനെ രൂപപ്പെടുത്തുന്നു.

നാം ദൈവത്തെക്കുറിച്ച് ആവർത്തിച്ചു ചൊല്ലിയ വാക്കുകൾ തന്നെ മനുഷ്യനെ കാണുന്ന നമ്മുടെ കണ്ണുകളായി മാറുന്നു. "എന്റെ" എന്ന ചെറിയ ലോകം "ഞങ്ങളുടെ" വിശാലതയിലേക്ക് തുറക്കുന്നു. മറ്റൊരാളുടെ പാപം അയാളെ അവസാനമായി നിർവചിക്കുന്നില്ലെന്ന് തിരിച്ചറിയുന്നു. മരണത്തിന് ബന്ധത്തിന്റെ അവസാനവാക്ക് കൊടുക്കാതിരിക്കാൻ പഠിക്കുന്നു. കരുണ സ്വീകരിച്ചവൻ കരുണയായി ജീവിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കുന്നു.

അപ്പോൾ ഒരിക്കൽ തിരിച്ചറിയാം:

നാം വർഷങ്ങളായി ഹൂസോയോ ചൊല്ലുകയായിരുന്നു എന്നു കരുതി.

യഥാർത്ഥത്തിൽ ഹൂസോയോ വർഷങ്ങളായി നമ്മെയും ചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു.

നമ്മുടെ ദൈവബോധത്തെ, പാപബോധത്തെ, മനുഷ്യബോധത്തെ, ബന്ധങ്ങളെ, മരണത്തെക്കുറിച്ചുള്ള പ്രത്യാശയെ, നമ്മുടെ കണ്ണുനീരിനെപ്പോലും അത് മെനഞ്ഞുകൊണ്ടിരുന്നു.

അതുകൊണ്ട് പൊതുഹൂസോയോ പാപിയായ മനുഷ്യൻ ദൈവത്തോട് ക്ഷമ ചോദിക്കുന്ന പ്രാർത്ഥന മാത്രമല്ല. അയോഗ്യനായ മനുഷ്യനെ കരുണയുടെ മുമ്പിൽ നിർത്തി, സ്വന്തം പാപത്തെക്കാൾ വലിയ സ്നേഹം കണ്ടു കണ്ണുനിറയാനും, "ഞാൻ" എന്നതിൽനിന്ന് "ഞങ്ങൾ" എന്നതിലേക്ക് വളരാനും, സമാധാനം സൃഷ്ടിക്കാനും, ഒടുവിൽ നല്ല അവസാനത്തിലേക്ക് പ്രത്യാശയോടെ നടക്കാനും പഠിപ്പിക്കുന്ന സഭയുടെ വിശുദ്ധ പ്രാർത്ഥനയാണ്.

പൊതുഹൂസോയോയുടെ അവസാനവാക്ക് പാപമല്ല. കരുണയാണ്.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശൂശന്നയും



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

യേശുക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷയിൽ പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും വളരെ പ്രധാനപ്പെട്ട പങ്കുണ്ടായിരുന്നു. ആ കാലഘട്ടത്തിലെ യഹൂദ സമൂഹത്തിൽ സ്ത്രീകൾക്ക് പൊതുവേ വലിയ സാമൂഹിക സ്വാതന്ത്ര്യമോ അംഗീകാരമോ ലഭിച്ചിരുന്നില്ലെങ്കിലും, യേശു സ്ത്രീകളെ ആദരവോടെയും സ്നേഹത്തോടെയും സമീപിച്ചു. അവരുടെ വിശ്വാസത്തെയും സമർപ്പണത്തെയും യേശു വിലമതിക്കുകയും ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളിൽ അവർക്കും സ്ഥാനം നൽകുകയും ചെയ്തു. അതുകൊണ്ടുതന്നെ യേശുവിന്റെ ജീവിതത്തിലും ശുശ്രൂഷയിലും നിരവധി സ്ത്രീകൾ വിശ്വസ്തരായ അനുയായികളായി മാറി.

അത്തരത്തിൽ ശ്രദ്ധേയരായ വിശുദ്ധ സ്ത്രീകളിൽ പ്രധാനപ്പെട്ടവരാണ് ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യയായ യോഹന്നയും ശൂശന്നയും. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ ഇവരെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കപ്പെടുന്നു. യേശുവിന്റെ വചനങ്ങൾ കേട്ട് അവനിൽ ആഴത്തിൽ വിശ്വസിച്ച ഇവർ, സ്വന്തം ജീവിതവും സമ്പത്തും സമയവും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. യേശുവിനെയും ശിഷ്യന്മാരെയും സഹായിക്കുന്നതിൽ അവർ സജീവ പങ്കുവഹിച്ചു. ഇത് അവരുടെ ആത്മാർത്ഥ വിശ്വാസത്തിന്റെയും നിസ്വാർത്ഥ സേവന മനോഭാവത്തിന്റെയും തെളിവാണ്.

യോഹന്ന സമൂഹത്തിൽ ഉയർന്ന സ്ഥാനമുള്ള കുടുംബത്തിൽപ്പെട്ടവളായിരുന്നുവെങ്കിലും അവൾ ലോകമഹത്വത്തേക്കാൾ ദൈവത്തിന് മുൻതൂക്കം നൽകി. സമ്പത്തും സാമൂഹിക സ്ഥാനവും ഉണ്ടായിട്ടും വിനയത്തോടെയും വിശ്വാസത്തോടെയും യേശുവിനെ അനുഗമിച്ച അവൾ ക്രൈസ്തവ സ്ത്രീകൾക്ക് വലിയ മാതൃകയാണ്. അതുപോലെ തന്നെ ശൂശന്നയും യേശുവിന്റെ വിശ്വസ്ത അനുയായിയായി സേവനത്തിലും സമർപ്പണത്തിലും ശ്രദ്ധേയയായി. ബൈബിളിൽ അവരെക്കുറിച്ച് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ഉള്ളുവെങ്കിലും, അവരുടെ ജീവിതസാക്ഷ്യം വിശ്വാസത്തിന്റെ ആഴം വ്യക്തമാക്കുന്നതാണ്.

യേശുവിന്റെ കഷ്ടാനുഭവങ്ങളുടെയും വെല്ലുവിളികളുടെയും സമയത്തും അവനെ വിട്ടുമാറാതെ കൂടെയുണ്ടായിരുന്ന സ്ത്രീകളിൽ ഇവർക്കും പ്രധാന സ്ഥാനം ഉണ്ടായിരുന്നു. സ്നേഹം, വിശ്വാസം, ധൈര്യം, സേവനം, ത്യാഗം എന്നീ മഹത്തായ ഗുണങ്ങൾ അവരുടെ ജീവിതത്തിൽ പ്രകടമായിരുന്നു. ഇന്നത്തെ ക്രൈസ്തവജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലും ഈ സ്ത്രീകളുടെ മാതൃക ഏറെ പ്രസക്തമാണ്.

അതിനാൽ യോഹന്നയുടെയും ശൂശന്നയുടെയും ജീവിതം വെറും ചരിത്ര സംഭവമല്ല; മറിച്ച് ദൈവത്തെ സ്നേഹിച്ച് വിശ്വാസത്തോടെയും സേവന മനോഭാവത്തോടെയും ജീവിക്കേണ്ടതിന്റെ ശക്തമായ ആത്മീയ സന്ദേശമാണ്.

യോഹന്ന

1. രാജകീയ പശ്ചാത്തലത്തിലായിരുന്നെങ്കിലും വിനയം പുലർത്തി

യോഹന്ന ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യയായിരുന്നു. അതിനാൽ അവൾ സമൂഹത്തിൽ ഉയർന്ന സ്ഥാനവും സമ്പത്തും സ്വാധീനവും ഉണ്ടായിരുന്ന ഒരു കുടുംബത്തിൽപ്പെട്ടവളായിരുന്നു. രാജധാനിയുമായി ബന്ധപ്പെട്ട ജീവിതം സാധാരണയായി ആഡംബരവും അധികാരവും നിറഞ്ഞതായിരിക്കും. എന്നാൽ അത്തരമൊരു പശ്ചാത്തലത്തിൽ ജീവിച്ചിരുന്നിട്ടും യോഹന്ന തന്റെ സ്ഥാനത്തിലും സമ്പത്തിലുമല്ല, ദൈവത്തിലാണ്



യഥാർത്ഥ മഹത്വമെന്ന് തിരിച്ചറിഞ്ഞു. ലോകമഹത്വങ്ങളെക്കാൾ ദൈവത്തിന്റെ വഴിയാണ് ശ്രേഷ്ഠമെന്ന് അവൾ മനസ്സിലാക്കി.

അവളുടെ വിനയമാണ് അവളെ യേശുവിന്റെ അടുക്കലേക്ക് നയിച്ചത്. ഉയർന്ന സാമൂഹിക നിലയിലുള്ള ഒരാളായിരുന്നിട്ടും അവൾ സാധാരണ ജനങ്ങളോടൊപ്പം യേശുവിനെ അനുഗമിക്കാൻ മടിച്ചില്ല. സമൂഹത്തിന്റെ വിമർശനങ്ങളെയോ പരിഹാസങ്ങളെയോ അവൾ ഭയപ്പെട്ടില്ല. സമ്പത്തും പദവിയും മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റരുതെന്നും, വിനയത്തോടെ ജീവിക്കുമ്പോഴാണ് യഥാർത്ഥ മഹത്വം ലഭിക്കുന്നതെന്നും യോഹന്നയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

2. യേശുവിനോടുള്ള ആഴമുള്ള വിശ്വാസം

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു ചില സ്ത്രീകളെ രോഗങ്ങളിൽ നിന്നും ദുരാത്മബാധകളിൽ നിന്നും മോചിപ്പിച്ചുവെന്ന് പറയുന്നു. അത്തരത്തിൽ സൗഖ്യം ലഭിച്ച സ്ത്രീകളിൽ ഒരാളായിരുന്നു യോഹന്ന. യേശുവിലൂടെ ലഭിച്ച ഈ അനുഗ്രഹം അവളുടെ ജീവിതത്തിൽ വലിയ ആത്മീയ മാറ്റം ഉണ്ടാക്കി. അവൾ യേശുവിനെ ഒരു സാധാരണ ഗുരുവായി മാത്രമല്ല, ദൈവത്തിൽ നിന്നുള്ള രക്ഷകനായി തിരിച്ചറിഞ്ഞു.

ഈ അനുഭവത്തിനുശേഷം യോഹന്നയുടെ വിശ്വാസം കൂടുതൽ ശക്തമായി. അവൾ തന്റെ ജീവിതം പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുകയും യേശുവിന്റെ ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു. സാഹചര്യങ്ങൾ എത്ര പ്രയാസകരമായിരുന്നാലും യേശുവിലുള്ള വിശ്വാസത്തിൽ അവൾ ഉറച്ചുനിന്നു. ദൈവത്തിന്റെ കരുണ അനുഭവിക്കുന്നവർ നന്ദിയോടെയും

വിശ്വാസത്തോടെയും ജീവിക്കണമെന്ന് യോഹന്നയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

3. സേവന മനോഭാവം

യോഹന്നയുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ സവിശേഷതകളിൽ ഒന്നായിരുന്നു അവളുടെ സേവന മനോഭാവം. അവൾ തന്റെ സമ്പത്തും സൗകര്യങ്ങളും ഉപയോഗിച്ച് യേശുവിനെയും ശിഷ്യന്മാരെയും സഹായിച്ചു. സ്വന്തം ജീവിതസുഖങ്ങൾക്കായി മാത്രം സമ്പത്ത് ഉപയോഗിക്കാതെ ദൈവശുശ്രൂഷയ്ക്കായി അത് സമർപ്പിച്ചത് അവളുടെ വലിയ മനസ്സിന്റെ തെളിവാണ്.

അവളുടെ സേവനം വെറും സാമ്പത്തിക സഹായത്തിൽ മാത്രം ഒതുങ്ങിയിരുന്നില്ല. സ്നേഹത്തോടും ആത്മാർത്ഥതയോടും കൂടിയ ഒരു സമർപ്പിത ജീവിതമായിരുന്നു അത്. യേശുവിന്റെ ദൗത്യം വിജയിക്കണമെന്ന് അവൾ ആഗ്രഹിച്ചു. അതിനായി തനിക്കാവുന്ന എല്ലാ സഹായങ്ങളും ചെയ്യാൻ അവൾ തയ്യാറായിരുന്നു. നിസ്വാർത്ഥ സേവനമാണ് യഥാർത്ഥ ദൈവസ്നേഹത്തിന്റെ അടയാളമെന്ന് യോഹന്നയുടെ ജീവിതം വ്യക്തമാക്കുന്നു.

4. ധൈര്യവും സ്ഥിരതയും

യേശുവിന്റെ ജീവിതത്തിലെ ഏറ്റവും കഠിനമായ സമയങ്ങളായ കഷ്ടാനുഭവത്തിന്റെയും ക്രൂശുമരണത്തിന്റെയും സമയത്ത് പലരും ഭയന്ന് അകന്നുപോയി. എന്നാൽ യോഹന്നയെ പോലുള്ള വിശ്വസ്ത സ്ത്രീകൾ യേശുവിനെ വിട്ടു മാറിയില്ല. അപകടങ്ങളും ഭീഷണികളും ഉണ്ടായിരുന്നിട്ടും അവൾ ധൈര്യത്തോടെ യേശുവിനോടൊപ്പം നിന്നു.

യേശുവിന്റെ ഉയിർപ്പിന്റെ വാർത്ത ആദ്യം അറിഞ്ഞ സ്ത്രീകളിൽ ഒരാളാണ് യോഹന്ന. ഇത് അവളുടെ വിശ്വാസത്തിന്റെയും സ്ഥിരതയുടെയും മഹത്വം കാണിക്കുന്നു. സന്തോഷസമയങ്ങളിൽ മാത്രമല്ല, ദുഃഖത്തിലും പരീക്ഷണങ്ങളിലും ദൈവത്തോടൊപ്പം നിൽക്കാൻ കഴിയുന്നവരാണ് യഥാർത്ഥ വിശ്വാസികൾ എന്ന പാഠമാണ് യോഹന്നയുടെ ജീവിതം നമുക്ക് നൽകുന്നത്.

ശൂശന്ന

1. സമർപ്പണ മനോഭാവം

ശൂശന്ന യേശുവിനെ ആത്മാർത്ഥമായി സ്നേഹിക്കുകയും വിശ്വാസത്തോടെ അനുഗമിക്കുകയും ചെയ്ത സ്ത്രീയായിരുന്നു. യേശുവിന്റെ വചനങ്ങളും പ്രവർത്തനങ്ങളും അവളുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. അതിന്റെ ഫലമായി അവൾ തന്റെ ജീവിതത്തെ ദൈവശുശ്രൂഷയ്ക്കായി സമർപ്പിച്ചു. സ്വന്തം ഇഷ്ടങ്ങൾക്കും സൗകര്യങ്ങൾക്കും മാത്രം മുൻതൂക്കം നൽകാതെ ദൈവഹിതം നിറവേറ്റപ്പെടണമെന്ന ആഗ്രഹമാണ് അവളുടെ ജീവിതത്തിൽ പ്രധാനമായുണ്ടായിരുന്നത്.

ഒരു വ്യക്തിയുടെ യഥാർത്ഥ സമർപ്പണം അവന്റെ പ്രവൃത്തികളിലൂടെയാണ് പ്രകടമാകുന്നത്. ശൂശന്നയുടെ ജീവിതവും അത്തരത്തിലൊന്നായിരുന്നു. അവൾ യേശുവിന്റെ ശുശ്രൂഷയിൽ സജീവമായി പങ്കെടുത്തു. വിശ്വാസം വെറും വാക്കുകളിൽ ഒതുങ്ങേണ്ടതല്ല, ജീവിതത്തിലൂടെ പ്രകടമാകേണ്ടതാണെന്ന് അവളുടെ ജീവിതം വ്യക്തമാക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവർ സ്വന്തം ജീവിതം ദൈവത്തിനും സഹമനുഷ്യർക്കും വേണ്ടി സമർപ്പിക്കണമെന്ന് ശൂശന്ന നമ്മെ പഠിപ്പിക്കുന്നു.

2. സഹായ മനസ്സ്

ശൂശന്നയുടെ മറ്റൊരു പ്രധാന സവിശേഷത അവളുടെ സഹായ മനോഭാവമായിരുന്നു. യേശുവിന്റെയും ശിഷ്യന്മാരുടെയും ശുശ്രൂഷ വിജയകരമാകാൻ അവൾ തന്റെ കഴിവിനും സാഹചര്യത്തിനും അനുസരിച്ച് സഹായം നൽകി. അവളുടെ സഹായം വെറും കടമബോധത്തിൽ നിന്നുള്ളതല്ലായിരുന്നു; മറിച്ച് സ്നേഹത്തിലും വിശ്വാസത്തിലും നിന്നുയർന്നതായിരുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കാൻ തയ്യാറാകുന്ന മനസ്സാണ് യഥാർത്ഥ ദൈവഭക്തിയുടെ അടയാളം. സ്വന്തം ജീവിതസുഖങ്ങൾക്കായി മാത്രം ജീവിക്കാതെ, ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി സമയം, കഴിവ്, സമ്പത്ത് എന്നിവ ഉപയോഗിക്കണമെന്ന് ശൂശന്നയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.



3. ലാളിത്യവും വിനയവും

ബൈബിളിൽ ശൂശന്നയെക്കുറിച്ച് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. എന്നിരുന്നാലും അവളുടെ ജീവിതത്തിൽ ലാളിത്യവും വിനയവും നിറഞ്ഞിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. പ്രശസ്തിയെയോ അംഗീകാരങ്ങളെയോ തേടാതെ, ശാന്തമായി ദൈവശുശ്രൂഷയിൽ പങ്കെടുത്ത സ്ത്രീയായിരുന്നു അവൾ.

യഥാർത്ഥ വിശുദ്ധി പലപ്പോഴും നിശ്ശബ്ദമായ സേവനത്തിലൂടെയാണ് പ്രകടമാകുന്നത്. ശൂശന്നയും അത്തരമൊരു ജീവിതമാണ് നയിച്ചത്. അവൾ സ്വയം ഉയർത്തിക്കാണിക്കാനോ മറ്റുള്ളവരുടെ ശ്രദ്ധ നേടാനോ ശ്രമിച്ചില്ല. പകരം വിനയത്തോടെയും ആത്മാർത്ഥതയോടെയും ദൈവത്തെ സേവിച്ചു. ലാളിത്യത്തിലും വിനയത്തിലും ജീവിക്കുമ്പോഴാണ് മനുഷ്യന്റെ ജീവിതം ദൈവത്തിന് കൂടുതൽ പ്രിയങ്കരമാകുന്നതെന്ന് ശൂശന്നയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

4. വിശ്വസ്ത അനുയായി

ശൂശന്ന യേശുവിന്റെ വിശ്വസ്ത അനുയായികളിൽ ഒരാളായിരുന്നു. യേശുവിന്റെ ശുശ്രൂഷയിൽ അവൾ സ്ഥിരമായി കൂടെയുണ്ടായിരുന്നു. സന്തോഷത്തിലും പ്രയാസങ്ങളിലും ഒരുപോലെ യേശുവിനോടൊപ്പം നിൽക്കാൻ അവൾ തയ്യാറായിരുന്നു. അവളുടെ വിശ്വാസവും ആത്മാർത്ഥതയും അവളെ യഥാർത്ഥ ശിഷ്യത്വത്തിന്റെ മാതൃകയാക്കി മാറ്റി.

വിശ്വാസജീവിതത്തിൽ സ്ഥിരത വളരെ പ്രധാനപ്പെട്ടതാണ്. ചിലർ നല്ല സമയങ്ങളിൽ മാത്രം ദൈവത്തോട് ചേർന്നുനിൽക്കുമ്പോൾ, യഥാർത്ഥ വിശ്വാസികൾ എല്ലാ സാഹചര്യങ്ങളിലും ദൈവത്തെ ആശ്രയിക്കുന്നു. ശൂശന്നയുടെ ജീവിതം അത്തരമൊരു സ്ഥിരതയുള്ള വിശ്വാസത്തിന്റെ ഉദാഹരണമാണ്. ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവർക്ക് ജീവിതത്തിൽ ആത്മീയ സന്തോഷവും സമാധാനവും ലഭിക്കുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

യോഹന്നയും ശൂശന്നയും നമുക്ക് നല്കുന്ന പാഠങ്ങൾ

1. ദൈവത്തെ സ്നേഹിക്കുന്നവർ സേവനത്തിനും ത്യാഗത്തിനും തയ്യാറാകണം

യോഹന്നയുടെയും ശൂശന്നയുടെയും ജീവിതം ദൈവസ്നേഹം വെറും വാക്കുകളിൽ ഒതുങ്ങുന്നതല്ലെന്ന് നമ്മെ പഠിപ്പിക്കുന്നു. അവർ യേശുവിനെ സ്നേഹിച്ചതിന്റെ തെളിവായി സ്വന്തം സമയം, സമ്പത്ത്, കഴിവുകൾ എന്നിവ ദൈവശുശ്രൂഷയ്ക്കായി ഉപയോഗിച്ചു. സ്നേഹത്തിന് യഥാർത്ഥ അർത്ഥം ലഭിക്കുന്നത് സേവനത്തിലൂടെയും ത്യാഗത്തിലൂടെയുമാണ്. സ്വന്തം സൗകര്യങ്ങളും സ്വാർത്ഥതയും മാത്രം നോക്കാതെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കാൻ അവർ തയ്യാറായി.

ഇന്നത്തെ സമൂഹത്തിലും ദൈവത്തെ സ്നേഹിക്കുന്ന ഓരോ വ്യക്തിയും സേവന മനോഭാവത്തോടെ ജീവിക്കേണ്ടത് അനിവാര്യമാണ്. ദരിദ്രരെയും രോഗികളെയും സഹായിക്കുക, വിഷമിക്കുന്നവരെ ആശ്വസിപ്പിക്കുക, സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക എന്നിവയൊക്കെ ദൈവസ്നേഹത്തിന്റെ പ്രകടനങ്ങളാണ്. യഥാർത്ഥ വിശ്വാസം മനുഷ്യനെ സേവനത്തിനും

കരുണയ്ക്കും ത്യാഗത്തിനും പ്രേരിപ്പിക്കണം എന്ന ശക്തമായ സന്ദേശമാണ് ഇവരുടെ ജീവിതം നൽകുന്നത്.

2. സമ്പത്തും സ്ഥാനവും ഉണ്ടെങ്കിലും വിനയം കൈവിടരുത്

യോഹന്ന സമൂഹത്തിൽ ഉയർന്ന സ്ഥാനമുള്ള കുടുംബത്തിൽപ്പെട്ടവളായിരുന്നു. രാജധാനിയുമായി ബന്ധമുള്ള ജീവിതം നയിച്ചിരുന്നിട്ടും അവൾ അഹങ്കാരത്തിലും അധികാരമോഹത്തിലും വീണില്ല. പകരം വിനയത്തോടെ യേശുവിനെ അനുഗമിക്കുകയും ദൈവശുശ്രൂഷയിൽ പങ്കാളിയാകുകയും ചെയ്തു. സമ്പത്തും പദവിയും ഉണ്ടായാലും മനുഷ്യൻ വിനയം കൈവിടരുതെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ഇന്നത്തെ ലോകത്തിൽ പലരും സമ്പത്തിനെയും സ്ഥാനത്തെയും മഹത്വത്തിന്റെ അടയാളമായി കാണുന്നു. എന്നാൽ ദൈവത്തിന്റെ മുമ്പിൽ യഥാർത്ഥ മഹത്വം വിനയത്തിലാണ്. മറ്റുള്ളവരെ ആദരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ജീവിതമാണ് ദൈവത്തിന് പ്രിയങ്കരമാകുന്നത്. മനുഷ്യന്റെ മഹത്വം അവന്റെ സമ്പത്തിലോ പദവിയിലോ അല്ല, മറിച്ച് അവന്റെ നല്ല സ്വഭാവത്തിലും വിനയത്തിലും ആണെന്ന് യോഹന്നയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

3. സഭയിലും ആത്മീയജീവിതത്തിലും സ്ത്രീകൾക്ക് വലിയ പങ്കുണ്ട്

യേശുവിന്റെ ശുശ്രൂഷയിൽ സ്ത്രീകൾക്ക് പ്രധാനപ്പെട്ട സ്ഥാനം ഉണ്ടായിരുന്നുവെന്ന് യോഹന്നയുടെയും ശൂശന്നയുടെയും ജീവിതം വ്യക്തമാക്കുന്നു. സ്ത്രീകൾക്ക് വലിയ അംഗീകാരം ലഭിക്കാത്ത ആ കാലഘട്ടത്തിൽ പോലും യേശു അവരെ ആദരിക്കുകയും ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്തു. സ്ത്രീകളുടെ വിശ്വാസവും സമർപ്പണവും സേവനവും സഭയുടെ വളർച്ചയിൽ വലിയ പങ്കുവഹിച്ചതായി ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു.

ഇന്നും കുടുംബജീവിതത്തിലും സഭാജീവിതത്തിലും സ്ത്രീകളുടെ പങ്ക് വളരെ വിലപ്പെട്ടതാണ്. പ്രാർത്ഥനയിലും വിശ്വാസത്തിലും സേവനത്തിലും സ്ത്രീകൾ വലിയ മാതൃകകളാകുന്നു. മാതൃത്വം, കരുണ, സഹനം, ആത്മാർത്ഥത എന്നീ ഗുണങ്ങൾ സമൂഹത്തെയും സഭയെയും ശക്തിപ്പെടുത്തുന്നു. അതിനാൽ സ്ത്രീകളുടെ സംഭാവനകളെ ആദരിക്കുകയും അവരുടെ ആത്മീയ സേവനങ്ങളെ വിലമതിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഇവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

4. യഥാർത്ഥ വിശ്വാസം പ്രവൃത്തികളിലൂടെ പ്രകടമാകണം

യോഹന്നയും ശൂശന്നയും യേശുവിൽ വിശ്വസിച്ചു എന്നത് വാക്കുകളിൽ മാത്രം ഒതുങ്ങിയിരുന്നില്ല. അവരുടെ വിശ്വാസം പ്രവൃത്തികളിലൂടെ പ്രകടമായി. അവർ യേശുവിനെ അനുഗമിച്ചു, ശുശ്രൂഷയിൽ സഹായിച്ചു, പ്രയാസസമയങ്ങളിലും വിശ്വാസത്തിൽ ഉറച്ചുനിന്നു. അതുകൊണ്ടുതന്നെ അവരുടെ ജീവിതം യഥാർത്ഥ ശിഷ്യത്വത്തിന്റെ മനോഹര മാതൃകയായി മാറി.

ഇന്നത്തെ ക്രൈസ്തവജീവിതത്തിലും വിശ്വാസം വെറും ആചാരങ്ങളിലും വാക്കുകളിലും മാത്രം ഒതുങ്ങരുത്. സ്നേഹം, കരുണ, ക്ഷമ, സേവനം, സഹനം എന്നീ നല്ല പ്രവൃത്തികളിലൂടെ വിശ്വാസം പ്രകടമാകണം. മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ദൈവഹിതം അനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോഴാണ് വിശ്വാസത്തിന് യഥാർത്ഥ അർത്ഥം ലഭിക്കുന്നത്. വിശ്വാസവും പ്രവൃത്തിയും ഒരുമിച്ചുപോകേണ്ടതിന്റെ മഹത്തായ സന്ദേശമാണ് യോഹന്നയുടെയും ശൂശന്നയുടെയും ജീവിതം നമ്മെ പഠിപ്പിക്കുന്നത്.

യോഹന്നയുടെയും ശൂശന്നയുടെയും ജീവിതം ഇന്നത്തെ വിശ്വാസികൾക്കും ശക്തമായ ആത്മീയ സന്ദേശമാണ് നൽകുന്നത്. യഥാർത്ഥ വിശ്വാസം വെറും വാക്കുകളിൽ മാത്രം ഒതുങ്ങരുത്; അത് സ്നേഹത്തിലൂടെയും സേവനത്തിലൂടെയും ത്യാഗത്തിലൂടെയും പ്രകടമാകണം. ദൈവത്തെ സ്നേഹിക്കുന്നവർ മറ്റുള്ളവരെ സഹായിക്കാനും ദൈവഹിതം അനുസരിച്ച് ജീവിക്കാനും തയ്യാറാകണം. പ്രയാസങ്ങളുടെയും വെല്ലുവിളികളുടെയും നടുവിലും വിശ്വാസത്തിൽ ഉറച്ചുനിൽക്കേണ്ടതിന്റെ ആവശ്യകതയും അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

അതിനാൽ യോഹന്നയും ശൂശന്നയും വിശ്വാസത്തിലും വിനയത്തിലും സേവനത്തിലും സമർപ്പണത്തിലും ക്രൈസ്തവർക്കുള്ള ജീവിക്കുന്ന മാതൃകകളാണ്. അവരുടെ ജീവിതം ഓരോ വിശ്വാസിയെയും ദൈവസ്നേഹത്തിലും കരുണയിലും ആത്മാർത്ഥ സേവനത്തിലും വളരാൻ പ്രചോദിപ്പിക്കുന്നു.



ഓണത്തോട് അനുബന്ധിച്ച് മുഖ്യമന്ത്രി വി. ഡി. സതീശൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഓണാഘോഷത്തിൽ മലങ്കരസഭയെ പ്രതിനിധീകരിച്ച് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, തിരുവനന്തപുരം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നിവർ പങ്കെടുക്കുകയും സഭയുടെയും പരിശുദ്ധ കാതോലിക്കാ ബാവായുടെയും ആശംസകൾ നേരുകയും മുഖ്യമന്ത്രിക്ക് നിലവിളക്ക് സമ്മാനിക്കുകയും ചെയ്തു.



ശതോത്തര രജത ജൂബിലി ആഘോഷിക്കുന്ന തുമ്പമൺ ഏറം മാത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ 'ലഹരി വെടിയൂ, ജീവിതം നേടു' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച റീൽ നിർമ്മാണ മത്സരത്തിന്റെ വിജയോത്സവം കേരള നിയമസഭ ഡപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ നിർവ്വഹിച്ചു. സതീഷ് മാണിക്കശ്ശേരി, ഫാ. സന്തോഷ് ജോർജ്, ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, വികാരി ഫാ. സി. കെ. തോമസ് എന്നിവർ സമീപം.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി



Mahima Ann Ninan has won the Umapati Mitra Award from the Indian Institute of Technology - Delhi, (IIT Delhi), awarded to the best student of the School of Public Policy for receiving the highest GPA from the graduating batch. The award constitutes of a cash prize of Rs 25000 and an institutional recognition. She has also been awarded the Best Thesis honour for her research work on the housing of Indian migrant workers in the GCC. Mahima is the daughter of Fr. Ninan P. Philip, Vicar of Mar Gregorios Orthodox Church, Noida, (Diocese of Delhi) and Reeja Ninan, Principal of St. John's School, Greater Noida.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



Malankara Orthodox Church UK EUROPE AFRICA Diocese Meetup at Devalokam Catholicate Palace held on 18-08-2026.



പരുമല ആശുപത്രിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഫാക്കോ സർജറി ഓപ്പറേഷൻ തിയേറ്ററും, മെഡിക്കൽ റെറ്റിന യൂണിറ്റും ഉദ്ഘാടനം ചെയ്തു

പരുമല: നേത്രപരിപാലന രംഗത്ത് അൻപത് വർഷത്തെ സ്തുത്യർഹമായ സേവനം പിന്നിടുന്ന പരുമല ഒഫ്താൽമോളജി വിഭാഗത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഫാക്കോ സർജറി ഓപ്പറേഷൻ തിയേറ്ററിന്റെയും, മെഡിക്കൽ റെറ്റിന യൂണിറ്റിന്റെയും ഉദ്ഘാടനം ദേശീയ അവാർഡ് ജേതാവും പ്രശസ്ത പിന്നണി ഗായികയുമായ വൈക്കം വിജയലക്ഷ്മി ഉദ്ഘാടനം നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.

പുതുതായി സജ്ജമാക്കിയ മെഡിക്കൽ റെറ്റിന യൂണിറ്റിനെയും അഡ്വാൻസ്ഡ് ഫാക്കോ സർജറി യൂണിറ്റിനെയും കുറിച്ച് കൺസൾട്ടന്റ് ഒഫ്താൽമോളജിസ്റ്റും മെഡിക്കൽ റെറ്റിന സ്പെഷ്യലിസ്റ്റുമായ ഡോ. വീണ എസ്. രവീന്ദ്രൻ സംസാരിച്ചു. അത്യാധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ കൂടുതൽ സൂക്ഷ്മവും സുരക്ഷിതവുമായ നേത്ര ശസ്ത്രക്രിയകൾ പുതിയ തിയേറ്ററിലൂടെ സാധ്യമാകും.

ആശുപത്രി സി.ഇ.ഒ. ഫാ. എം. സി പൗലോസ്, സെക്രട്ടറി ആൻഡ് പ്രൊജക്ട് ഡയറക്ടർ ശ്രീ. വർക്കി ജോൺ, ചാപ്ലയിൻ ഫാ. ജിജു വർഗീസ്, കൺസൾട്ടന്റ് ഒഫ്താൽമോളജിസ്റ് ഫാക്കോ സർജൻ ഡോ. ജോജു കെ. ഈപ്പൻ, കൺസൾട്ടന്റ് ഒഫ്താൽമോളജിസ്റ്റുകളായ ഡോ. ബ്ലെസി മേരി കോശി, ഡോ. ദിവ്യ രാജ് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ഔദ്യോഗിക ഉദ്ഘാടന സമ്മേളനത്തിന് ശേഷം പ്രത്യേക സംഗീത പരിപാടിയും ഉണ്ടായിരുന്നു.



ആരാധന, മലങ്കര സഭാചരിത്ര ക്വിസ്

ഡെറിൻ രാജു

ക്വിസ് നമ്പർ 3: ചോദ്യങ്ങൾ

1. ഞാൻ ഒരു അടിമയായിരുന്നു. എന്റെ പേരിന്റെ അർഥം പ്രയോജനമുള്ളവൻ എന്നാണ്. എന്റെ യജമാനന്റെ അടുക്കൽ നിന്ന് ഒളിച്ചോടിപ്പോയ ഞാൻ കാരാഗൃഹത്തിൽ വച്ച് പൗലോസിനെ കണ്ടുമുട്ടിയപ്പോൾ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയായി തീർന്നു. ശ്ലീഹായുടെ ലേഖനത്തിൽ എന്നെപ്പറ്റി പറഞ്ഞിരിക്കുന്നു. ധതീക്കടുത്തവനായ ഇഗ്നാത്തിയോസ് എഫേസ്യർക്ക് എഴുതിയ ലേഖനത്തിൽ എന്നെപ്പറ്റി പരാമർശം ഉണ്ട്. അന്ന് ഞാൻ അവിടുത്തെ മെത്രാനായിരുന്നു.പ ആരാണ് ഞാൻ?

2. മാമോദീസാ കൂദാശയിൽ പരാമർശിക്കുന്ന തുറമുഖ നഗരം? അത് ബേപ്പൂരോ പൂവാറോ ആകാമെന്ന് പഠനങ്ങളുണ്ട്.

3. ” അവിടത്തെ പാപ്പ എന്നെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കൂടെ ആദരവോടെ ശുശ്രൂഷിക്കുന്ന ഒരു ശിഷ്യനുമുണ്ട്. കത്തനാർ വൃത്തിയുള്ള നീല അങ്കി ധരിച്ചിരിക്കുന്നു. നല്ല രൂപലാവണ്യമുള്ള ഒരു പരമഭക്തനാണ് കത്തനാർ. ഇദ്ദേഹത്തിന് സുറിയാനിയും മലയാളവും ഒഴികെ ഒരു ഭാഷയും അറിഞ്ഞു കൂടാ. എങ്കിലും ഞങ്ങൾ തമ്മിൽ മുഖദാവിൽ സംസാരിച്ച് ആശയവിനിമയം ചെയ്യാൻ സാധിച്ചു എന്നത് ഒരു അത്ഭുതമായി ഞാൻ കാണുന്നു.”

ആര് ആരെക്കുറിച്ച് പറഞ്ഞതാണീ വാക്കുകൾ ?

4. 203-ാം നമ്പർ കൽപ്പനയിൽ യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് തോമാശ്ലീഹാ മലങ്കരയിൽ സിംഹാസനം സ്ഥാപിച്ചില്ല; മറിച്ച് സുവിശേഷം പ്രസംഗിച്ചതേയൊള്ളു എന്നതിനു പിൻബലമായി കാണിക്കുന്ന പുരാതന ഗ്രന്ഥം. ധ സൂചന: രചയിതാവ് - ബാർ എബ്രായ - സിംപിളായില്ലേ?പ

5. മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് അരപ്പള്ളിയിൽ വച്ച് ലഭ്യമായ രേഖകൾ പ്രകാരം, മലങ്കര സഭയുടെ ഒരു മേൽപ്പട്ടക്കാരന്റെ സംസ്കാരശുശ്രൂഷയെ (കബറടക്കമല്ല; ഒരു ക്രമം) നടത്തപ്പെട്ടിള്ളൊള്ളു. ആരുടെയാണ്?

ക്വിസ് നമ്പർ 3: ഉത്തരങ്ങൾ

1. ഒനേസിമോസ് (പൗലോസ് ശ്ലീഹാ ഫിലേമോനെഴുതിയ ലേഖനത്തിൽ പരാമർശിക്കുന്നു. ആറാം വാക്യം.)

2. ഓഫീർ (ഓഫീർ തങ്ക തുകിലങ്കി അണിഞ്ഞോളെ ഹാലേലുയ്യ

നോക്കുക കേൾക്കുക ചെവി ചായിക്ക)

3. ഫ്രാൻസിസ് ബുക്കാൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് അച്ചനെപ്പറ്റി (പിന്നീട് ദിവന്നാസിയോസ് രണ്ടാമൻ) പറഞ്ഞത്.

4. ബാർ എബ്രായയുടെ എക്ളീസിയസ്റ്റിക്കി - അഹറോന്റെ കാലം മുതൽ ബാർ എബ്രായയുടെ കാലം വരെയുള്ള ചരിത്രം രണ്ട് ഭാഗങ്ങളായി തിരിച്ച് പറഞ്ഞിരിക്കുന്നു. ഒന്നാം ഭാഗത്ത് അന്ത്യോഖ്യൻ പാത്രിയർക്കീസൽമാരുടെയും രണ്ടാം ഭാഗത്ത് പേർഷ്യയിലെ സഭയുടെയും ചരിത്രം നൽകിയിരിക്കുന്നു.

5. തമിഴ്നാട്ടിലെ നെയ്യൂർ ആശുപത്രിയിൽ വച്ച് കാലം ചെയ്ത ഗീവറുഗീസ് പ്രഥമൻ ബാവായുടെ സംസ്കാര ശുശ്രൂഷയുടെ ഒരു ഭാഗം തിരുവിതാംകോട് അരപള്ളിയിൽ വച്ച് നിർവഹിക്കപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

വചനതീർത്ഥം

വാങ്ങിപ്പിനുശേഷം രണ്ടാം ഞായർ

(വി. ലൂക്കോസ് 11:9-20)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

വി. ലൂക്കോസ് 11 നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ കർതൃപ്രാർഥന പരിചയപ്പെടുത്തുന്ന അദ്ധ്യായമാണ്. എപ്രകാരമാണ് പ്രാർഥിക്കേണ്ടത് എന്ന് പഠിപ്പിക്കുന്നതിനൊപ്പം പ്രാർഥനയുടെ വിവിധ മാനങ്ങളെയും കർത്താവ് ഈ വേദഭാഗത്ത് പരിചയപ്പെടുത്തുകയാണ്.

സ്ഥിരതയുള്ള ദൈവസംസർഗ്ഗത്തിനായുള്ള ആഹ്വാനം

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത് വെറുമൊരു ഒറ്റപ്പെട്ട പ്രാർത്ഥനയെക്കുറിച്ചായിരുന്നില്ല, മറിച്ച് പ്രാർത്ഥന ഒരു ജീവിതശൈലിയായിരിക്കണം എന്നാണ്. ഇത് കേവലം ആവശ്യങ്ങളിലുള്ള ഒരു പ്രാർഥന അല്ല, മറിച്ച് തുടർച്ചയായതും നിരന്തരവുമായ ഒരു പ്രാർത്ഥനാ ശീലത്തെയാണ് സൂചിപ്പിക്കുന്നത്.

യാചിക്കുവിൻ (Ask), അന്വേഷിക്കുവിൻ (Seek), മുട്ടുവിൻ (Knock) എന്ന മൂന്ന് ക്രിയകളും യാന്ത്രികമായ ഒന്നായല്ല കർത്താവ് പരിചയപ്പെടുത്തുന്നത്. അത് ആത്മാവിനാൽ പ്രചോദിതമായ ഒരു ആത്മീയാഭ്യാസമാണ്. ഈ മൂന്ന് തലങ്ങൾക്കും വളരെ പ്രസാദാത്മകമായ മറുപടി ലഭിക്കും എന്ന് ഈ ഭാഗത്തിൽ കർത്താവ് ഓർപ്പിക്കുന്നു.



യാചിക്കുക എന്നത് ഒരു ഭക്തന്റെ എളിമയുടെയും ദൈവത്തിലുള്ള ആശ്രയത്വത്തിന്റെയും ആദ്യ പടിയാണ്. ഭക്തൻ തന്റെ ആകുലതകളും ആവശ്യങ്ങളും ഉൾപ്പെടെ സകലവും ദൈവതിരുമുമ്പിൽ സമർപ്പിക്കുകയാണ്. പ. പൗലോസ് ശ്ലീഹാ പറയുന്നതു പോലെ, 'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാം പ്രാർത്ഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുക" (ഫിലിപ്യർ 4: 6) എന്നാൽ, കേവലം ലൗകികമായ ആവശ്യങ്ങൾ മാത്രമല്ല, ആത്മാവിന്റെ വിശുദ്ധീകരണത്തിനായുള്ള ദാഹവും ഈ ചോദ്യത്തിൽ ഉൾപ്പെടുന്നു.

അന്വേഷിക്കുക എന്നത് കൂടുതൽ ആഴത്തിലുള്ള ഒരു പ്രാർത്ഥനാ തലമാണ്. ഒരു നിധി തേടുന്നവനെപ്പോലെ, ദൈവഹിതം അറിയാനും, ദൈവത്തെ കൂടുതൽ അടുത്തറിയാനും വേണ്ടിയുള്ള അന്വേഷണമാണിത്. വിശുദ്ധ പിതാക്കന്മാരുടെയും മറ്റും ജീവിതത്തിൽ നാം കാണുന്നത് ഇത്തരത്തിലുള്ള നിരന്തരമായ ഒരു അന്വേഷണമാണ്. മരുഭൂമിയിലെ പിതാക്കന്മാർ ലോകസുഖങ്ങളെല്ലാം ത്യജിച്ച് ദൈവത്തെ ജീവിതലക്ഷ്യമാക്കി അന്വേഷിച്ചത് ഇതിനുദാഹരണമാണ്. ഭൗതികമായ ആവശ്യങ്ങൾക്കപ്പുറം ദൈവത്തിന്റെ മുഖം തേടുന്ന പ്രാർഥനയാണിത്.

ചിലപ്പോഴെങ്കിലും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുവാൻ കാലതാമസം നേരിട്ടേക്കാം. അന്യായക്കാരനായ ന്യായാധിപന്റെ ഉപമയിലും (ലൂക്കോസ് 18:1-8) രാത്രിയിൽ സ്നേഹിതന്റെ അടുക്കൽ പോയവന്റെ ഉപമയിലും (ലൂക്കോസ് 11:5-8) കർത്താവ് ഊന്നി പറയുന്നത് ഈ സ്ഥിരതയെ കുറിച്ചാണ്. വാതിൽ തുറക്കുന്നത് വരെയും മുട്ടിക്കൊണ്ടിരിക്കുക എന്നതാണ് ഭക്തന്റെ ഉത്തരവാദിത്വം. വാസ്തവത്തിൽ മുട്ടിക്കൊണ്ടേയിരിക്കുക എന്നത് അവന്റെ വിശ്വാസത്തിന്റെ അഗ്നി പരീക്ഷിക്കപ്പെടുന്ന അനുഭവമാണ്.

യാചിക്കുന്നവന് ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവനു തുറന്നു കിട്ടുന്നു എന്ന കർത്താവിന്റെ വാഗ്ദാനം സ്ഥിരതയുള്ള ദൈവസംസർഗ്ഗത്തിന് പ്രതിഫലമുണ്ട് എന്നതിന്റെ ഉറപ്പാണ്.

പിതൃ ബോധത്തിലുള്ള ആത്മവിശ്വാസം

മുമ്പുണ്ടായിരുന്ന എല്ലാ കീഴ്‌വഴക്കങ്ങളെയും ലംഘിച്ച് ദൈവത്തെ പിതാവേ എന്ന് വിളിക്കുവാൻ പഠിപ്പിക്കുകയാണ് കർതൃ പ്രാർഥനയിലൂടെ കർത്താവ് ചെയ്യുന്നത്. ഒരു ഭക്തനെ സംബന്ധിച്ച് അവൻ ആശ്രയം വെക്കേണ്ടത് തന്റെ "സ്വർഗ്ഗീയ പിതാവിൽ" ആണെന്ന ബോധ്യമാണ് കർത്താവ് ഈ വാക്കുകളിൽ പകർന്നു നൽകുന്നത്. ദൈവം ഒരു കഠിനഹൃദയനായ ഭരണാധികാരിയല്ല, മറിച്ച് തന്റെ മക്കളെ സ്നേഹിക്കുന്ന ഒരു നല്ല പിതാവാണ്. ഈ പിതൃ ബോധവും അതിലുള്ള ആത്മവിശ്വാസവും ആണ് ഓരോരുവനെയും പ്രാർത്ഥനാപൂർണമായ ഒരു ജീവിതം നയിക്കുവാൻ പ്രേരിപ്പിക്കേണ്ടത്.


വിശുദ്ധ മാമോദീസയിലൂടെ നമുക്ക് ഏവർക്കും ലഭിക്കുന്നത് പുത്രത്വം എന്നെ അവകാശമാണ്. പുത്ര സ്വീകാര്യത്തിന് അർഹരാകുവാനായി സന്തോഷ തൈലത്താൽ മുദ്രകുത്തപ്പെടുന്നു എന്നാണ് മാമോദിസയിലെ മുദ്ര കുത്തലിന്റെ പ്രാർത്ഥന. നിങ്ങൾ മക്കൾ ആകകൊണ്ട് 'അബ്ബാ പിതാവേ' എന്ന് വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്നു എന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഗലാത്യ ലേഖനത്തിൽ ഓർമിപ്പിക്കുന്നു. മക്കൾക്കുള്ള അവകാശത്തോടും സ്വാതന്ത്ര്യത്തോടും അടുത്ത് ചെല്ലുന്ന ഒരുവനും നിരാശ ഉണ്ടാവില്ല എന്ന് മാത്രമല്ല അത് നൽകുന്ന സുരക്ഷിതത്വവും ആത്മവിശ്വാസവും ചെറുതല്ല താനും.



ഫാ. ജെറിൻ തോമസ് അന്തരിച്ചു

കൈപ്പട്ടൂർ: തുമ്പമൺ ഭദ്രാസനത്തിലെ കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് മഹാഇടവക അംഗവും ചെന്നൈ തിരുപ്പൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക വികാരിയുമായ കൈപ്പട്ടൂർ തോണ്ടലിൽ പുത്തൻവീട്ടിൽ ഫാ. ജെറിൻ തോമസ് (33) അന്തരിച്ചു. അച്ഛൻ: തോമസ് കോശി. സംസ്കാരം നടത്തി.

Church Calendar



Pray persistently without growing weary

Second Sunday after Assumption of St Mary (St. Luke 11:9–20)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

Ask and it will be given to you; seek and you will find; knock and the door will be opened to you. For everyone who asks receives; the one who seeks finds; and to the one who knocks, the door will be opened. Which of you fathers, if your son asks for bread, will give him a stone? Or if he asks for a fish, will give him a snake instead? Or if he asks for an egg, will give him a scorpion? If you then, though you are evil, know how to give good gifts to your children, how much more will your Father in heaven give the Holy Spirit to those who ask him!

Lord Jesus tries to make His disciples understand the importance of prayer and how our prayer should be. During the time of His public ministry, Lord Jesus always engaged in secret prayer. We see many instances in the Holy Scripture where He withdrew by Himself to pray in solitude. Realising the power and importance of Lord Jesus's prayer, the disciples said to Him: "Lord, teach us to pray, just as John taught his disciples" (St. Luke 11:1).

Just as gurus in the Indian religious tradition imparted meditation mantras to their disciples, Jewish rabbis in the Jewish tradition used to teach their disciples how to pray. Accordingly, John the Baptist also taught his disciples to pray. The disciples requested Lord Jesus to teach them to pray in the same manner.

Seeing God as Father, in Prayer

The distinctiveness of the prayer Jesus taught His disciples is that it embraces God as Father. "He said to them: 'Our Father in heaven, hallowed be your name, your kingdom come, your will be done on earth as it is in heaven. Give us day by day our daily bread. Forgive us our sins, as we also forgive everyone who is indebted to us. And lead us not into temptation, but deliver us from the evil one." (St. Luke 11:2–4)

There are a total of six petitions in this prayer. The first three petitions express three hopes regarding the coming of the Kingdom of God. In the final three petitions, three indispensable needs for human life on earth are presented. While 'You' is the main focus in the first part, 'We' becomes the focus in the second part. Prayer is approaching the presence of that Father as beloved children with freedom, recognising God as Father. The Lord's Prayer is the most notable prayer in human history.

We must pray persistently without giving up.

In verses 11:5-13 of St. Luke, we see parables highlighting the necessity of praying continuously without growing weary. Because one cannot reject the repeated plea for help from a friend who arrives at night, no matter how difficult it is, and even if one does not have anything on hand and must borrow it from somewhere, food will certainly be provided for that friend to eat. Likewise, God will show mercy toward sincere and persistent prayer; He will never reject it. In the same way, an earthly father, though flawed, will grant what his child asks for. Will not the heavenly Father then pour out



good things upon those who ask Him? St. Luke specifically highlights the Holy Spirit as the gift that God bestows.

Even the most excellent of divine gifts, the Heavenly Father gives freely and abundantly to those who ask Him. Asking, seeking, and knocking are three sides of prayer. In worship, one must be able to ask upon realising what is lacking, seek what is lost, and knock where it feels closed. But at certain times, He may delay the response to make us aware of our need, earnest, and steadfast. To increase our reliance on God, He may test us in the furnace of trial. On all those occasions, we must be able to be patient and continually zealous in prayer.

Prayer is a spiritual communication with God

Often, hypocrisy is seen filling our prayers: "When you pray, do not be like the hypocrites. ... But when you pray, enter into your inner room, close the door, and pray to your Father who is in secret. Your Father who sees in secret will reward you" (St. Matthew 6:5-8). We desire to pray for material pleasures by giving importance to worldly personal interests. But Jesus Christ says, "Your Heavenly Father knows that you need all these things" (St. Matthew 6:32). Therefore, seek spiritual matters. The Lord will give us material matters. Therefore, prayer is a devotion-filled spiritual communication with God. Prayer is a personal act offered most secretly in God's presence without becoming a public display. "Pray without ceasing" (1 Thess 5:16). Prayer is continuous contact with the Father. Prayer is the main element that prompts us to submit ourselves to God's will without giving importance to our own desires. Through prayer, we take refuge in divine power. We acknowledge our nothingness. Rely on God who knows our heart without relying on our intellect. We must be able to pray sincerely with the faith that what is impossible for human intellect will become possible through prayer. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ദൈവം ഒരു അപരിചിതൻ

ഫാ. അജീഷ് ബാബു



ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ ഏറ്റവും വലിയ ഭ്രമങ്ങളിലൊന്ന്, അവനെ അറിയാമെന്നാണ് കരുതുന്നത്. ദൈവത്തെക്കുറിച്ച് നാം സംസാരിക്കുന്നു, അവനുവേണ്ടി തർക്കിക്കുന്നു, അവനെക്കുറിച്ച് പുസ്തകങ്ങൾ എഴുതുന്നു, പ്രാർത്ഥനകൾ ചൊല്ലുന്നു, ദൈവശാസ്ത്രങ്ങൾ നിർമ്മിക്കുന്നു. കാല ക്രമേണ നമ്മുടെ വിശ്വാസവും അനുഭവങ്ങളും ചേർന്ന് ദൈവത്തിന് ഒരു പരിചിതമുഖം നൽകുന്നു. എന്നാൽ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നവർ ഒരു സത്യം തിരിച്ചറിയും ദൈവത്തെ കൂടുതൽ അറിയുന്തോറും അവൻ കൂടുതൽ അപരിചിതനാകുന്നു.

ജീവിതത്തിൽ ഏറ്റവും നന്നായി അറിയാമെന്ന് നാം കരുതുന്ന ആളുകളാണ് ചിലപ്പോൾ ഏറ്റവും അപരിചിതരായി മാറുന്നത്. വർഷങ്ങളോളം ഒരുമിച്ച് ജീവിച്ച ദമ്പതികൾക്കും, മാതാപിതാക്കൾക്കും മക്കൾക്കും, അടുത്ത സുഹൃത്തുകൾക്കും പോലും പരസ്പരം പൂർണമായി അറിയാൻ കഴിയില്ല. മനുഷ്യന്റെ ഉള്ളിൽ എല്ലായ്പ്പോഴും മറ്റൊരാൾക്ക് പ്രവേശിക്കാൻ കഴിയാത്ത ഒരു നിഗൂഢതയുടെ ഇടമുണ്ട്. മനുഷ്യൻ തന്നെ അങ്ങനെ ഒരു രഹസ്യമാണെങ്കിൽ, അനന്തതയുടെ ദൈവം എത്രയോ വലിയൊരു രഹസ്യമായിരിക്കും,

വേദപുസ്തകത്തിലെ ദൈവം പലപ്പോഴും അപരിചിതനായി പ്രത്യക്ഷപ്പെടുന്നു. അബ്രാഹാം മാമ്രേയുടെ ഓക്കുമരങ്ങളുടെ തണലിൽ ഇരിക്കുമ്പോൾ, അവന്റെ മുന്നിലേക്ക് മൂന്ന് അപരിചിതർ കടന്നുവന്നു. ആതിഥ്യമര്യാദയുടെ ഭാഗമായി അവൻ അവരെ സ്വീകരിച്ചു. എന്നാൽ പിന്നീട് മാത്രമാണ് ആ സന്ദർശനത്തിൽ ദൈവത്തിന്റെ സാന്നിധ്യം ഒളിഞ്ഞിരുന്നതായി അവൻ മനസ്സിലാക്കിയത്. ദൈവം അവന്റെ വീട്ടിലേക്ക് വന്നത് ഒരു അപരിചിതന്റെ രൂപത്തിലായിരുന്നു.

യാക്കോബിന്റെ ജീവിതത്തിലും അതുതന്നെ സംഭവിച്ചു. യാബോക്ക് നദിക്കരയിൽ ഒരു രാത്രിയിൽ അവൻ ഒരു അജ്ഞാതനോട് മല്ലിട്ടു. പുലർച്ചെ വെളിച്ചം പരന്നപ്പോൾ മാത്രമാണ് അത് സാധാരണ ഒരു മനുഷ്യനുമായുള്ള പോരാട്ടമല്ലെന്ന് അവൻ തിരിച്ചറിഞ്ഞത്. ആ രാത്രിയുടെ അവസാനം യാക്കോബിന് ഒരു മുറിവും ഒരു അനുഗ്രഹവും ലഭിച്ചു. ദൈവവുമായി ഉണ്ടായ എല്ലാ കണ്ടുമുട്ടലുകളും അങ്ങനെയാണ്. അവ നമ്മെ മാറ്റിമറിക്കും, പക്ഷേ ദൈവത്തെ പൂർണമായി വിശദീകരിക്കാൻ കഴിയില്ല.

ഉയിർത്തെഴുന്നേറ്റ യേശുവിന്റെ കഥയിലും ഇതേ രഹസ്യമുണ്ട്. എമ്മാവൂസിലേക്കുള്ള വഴിയിൽ രണ്ടു ശിഷ്യന്മാർ ഒരു അപരിചിതനോടൊപ്പം നടന്നു. അവർ യേശുവിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു. എന്നാൽ അവരോടൊപ്പം നടന്നത് യേശു തന്നെയായിരുന്നു എന്ന കാര്യം അവർ തിരിച്ചറിഞ്ഞില്ല. അപ്പം മുറിച്ച നിമിഷത്തിലാണ് അവരുടെ കണ്ണുകൾ തുറന്നത്. ദൈവം ചിലപ്പോൾ നമ്മുടെ അരികിലൂടെ നടക്കുന്നു. എന്നാൽ അവനെ തിരിച്ചറിയാൻ നമ്മുടെ കണ്ണുകൾക്ക് കഴിയുന്നില്ല.

ദൈവം അപരിചിതനാകുന്നത് അവൻ നമ്മിൽ നിന്ന് അകലെയായതുകൊണ്ടല്ല. മറിച്ച് അവൻ നമ്മുടെ എല്ലാ നിർവചനങ്ങളെയും തകർത്തുകളയുന്നവനായതുകൊണ്ടാണ്. നാം ദൈവത്തെ ഒരു ആശയമായി, ഒരു സിദ്ധാന്തമായി, ഒരു മതപരമായ ചട്ടക്കൂടായി ചുരുക്കാൻ ശ്രമിക്കുമ്പോൾ, അവൻ ആ ചട്ടക്കൂടുകൾക്കപ്പുറത്തേക്ക് കടന്നുപോകുന്നു. മനുഷ്യൻ നിർമ്മിക്കുന്ന ഓരോ ദൈവചിത്രവും ഒരുകാലത്ത് തകർന്നുവീഴും. കാരണം ദൈവം മനുഷ്യന്റെ ചിന്തകളെക്കാൾ വലുതാണ്.

അതിനാലാണ് ആത്മീയ പാരമ്പര്യങ്ങൾ ദൈവത്തെക്കുറിച്ച് സംസാരിക്കുമ്പോൾ മൗനത്തിന് വലിയ പ്രാധാന്യം നൽകിയത്. ചില സത്യങ്ങൾ വാക്കുകൾകൊണ്ട് പറയാൻ കഴിയില്ല. ചില അനുഭവങ്ങൾ വിശദീകരിക്കാൻ കഴിയില്ല. സമുദ്രത്തെ ഒരു ചെറിയ പാത്രത്തിൽ അടച്ചുവെക്കാൻ കഴിയാത്തതുപോലെ, ദൈവത്തെ ഒരു നിർവചനത്തിനുള്ളിൽ ഒതുക്കാനും കഴിയില്ല. ദൈവത്തെക്കുറിച്ചുള്ള ഏറ്റവും സത്യസന്ധമായ വാചകം പലപ്പോഴും ഒരു ചോദ്യചിഹ്നമായിരിക്കും.

മനുഷ്യൻ എല്ലാം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നു. ഓരോ രഹസ്യവും തുറക്കണം, ഓരോ ചോദ്യത്തിനും ഉത്തരം വേണം, ഓരോ സംഭവത്തിനും വിശദീകരണം വേണം. എന്നാൽ വിശ്വാസം എന്നത് എല്ലാ ഉത്തരങ്ങളും ലഭിക്കുന്ന അവസ്ഥയല്ല. ഉത്തരങ്ങൾ ഇല്ലാത്തപ്പോഴും യാത്ര തുടരാനുള്ള ധൈര്യമാണ് വിശ്വാസം. ദൈവം എല്ലായ്പ്പോഴും വിശദീകരിക്കപ്പെടേണ്ട ഒരു പ്രശ്നമല്ല; അനുഭവിക്കപ്പെടേണ്ട ഒരു സാന്നിധ്യമാണ്. നമ്മുടെ ജീവിതത്തിലെ പല അനുഭവങ്ങളും ഇതിന് സാക്ഷ്യം വഹിക്കുന്നു. ചിലപ്പോൾ അപ്രതീക്ഷിതമായ ഒരു കണ്ടുമുട്ടലിൽ, ഒരു ദരിദ്രന്റെ കണ്ണുകളിൽ, ഒരു കുട്ടിയുടെ ചിരിയിൽ, ഒരു രോഗിയുടെ നിശബ്ദതയിൽ, ഒരു പരാജയത്തിന്റെ വേദനയിൽ, ഒരു മരണത്തിന്റെ മുന്നിൽ, ഒരു ജനനത്തിന്റെ അത്ഭുതത്തിൽ ദൈവം നമ്മെ സ്പർശിക്കുന്നു. പക്ഷേ അവൻ അവിടെ ഉണ്ടെന്ന് നമുക്ക് ഉടൻ മനസ്സിലാകണമെന്നില്ല. പിന്നീടൊരിക്കൽ തിരിഞ്ഞുനോക്കുമ്പോഴായിരിക്കും ആ അപരിചിതന്റെ മുഖത്ത് ദൈവത്തിന്റെ പ്രകാശം കാണുന്നത്.

വിശ്വാസജീവിതത്തിന്റെ ഏറ്റവും വലിയ വൈരുദ്ധ്യം ഇതാണ് ദൈവം നമുക്ക് ഏറ്റവും അടുത്തവനാണ്, എന്നാൽ പൂർണമായി അറിയാൻ കഴിയാത്തവനുമാണ്. അവൻ സുഹൃത്താണ്, എന്നാൽ അപരിചിതനും. അവൻ നമ്മോടൊപ്പം നടക്കുന്നു, എന്നാൽ നമ്മുടെ വഴികളിൽ ഒതുങ്ങുന്നില്ല. അവൻ നമ്മോട് സംസാരിക്കുന്നു, എന്നാൽ നമ്മുടെ ഭാഷകൾക്കപ്പുറത്തും നിലകൊള്ളുന്നു. അവൻ വെളിപ്പെടുന്നു, എന്നാൽ ഒരു രഹസ്യമായി തുടരുകയും ചെയ്യുന്നു.

അതുകൊണ്ട് ദൈവത്തെ അന്വേഷിക്കുക എന്നത് ഒരു ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതല്ല. അത് അവസാനമില്ലാത്ത ഒരു യാത്രയാണ്. ഓരോ കണ്ടെത്തലും പുതിയൊരു അന്വേഷണത്തിലേക്കുള്ള വാതിൽ തുറക്കുന്നു. ഓരോ ഉത്തരവും പുതിയൊരു ചോദ്യത്തിന് ജന്മം നൽകുന്നു. ഓരോ വെളിപ്പെടുത്തലും കൂടുതൽ ആഴമുള്ള ഒരു നിഗൂഢതയിലേക്ക് നമ്മെ ക്ഷണിക്കുന്നു.

വിശ്വാസം എന്നത് ദൈവത്തെ സ്വന്തമാക്കലല്ല. ദൈവത്തിന്റെ രഹസ്യത്തിനുമുന്നിൽ വിനയത്തോടെ നിൽക്കലാണ്. അവനെ പൂർണമായി അറിയാൻ കഴിയില്ലെന്ന് സമ്മതിച്ചുകൊണ്ടും, അവനെ സ്നേഹിച്ചുകൊണ്ടും, അവനിൽ വിശ്വസിച്ചുകൊണ്ടും ജീവിക്കലാണ്.


ദൈവം ഒരു അപരിചിതനാണ്. എന്നാൽ നമ്മുടെ ജീവിതത്തിലെ ഏറ്റവും അടുത്ത അപരിചിതൻ. നാം അവനെ തേടുന്നു, അവൻ നമ്മെ തേടുന്നു. നാം അവനെ അറിയുന്നു, എങ്കിലും അവൻ ഒരു രഹസ്യമായി തുടരുന്നു. ഒരുപക്ഷേ, അതുതന്നെയാകാം ദൈവമായിരിക്കുന്നതിന്റെ അർത്ഥം.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

– പ. പരുമല തിരുമേനി

പുസ്തകം



കണ്ടനാട് ഗ്രന്ഥവരി

(മുളന്തുരുത്തി സുന്നഹദോസിൻറെയും പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശനത്തിന്റെയും ദൃക് സാക്ഷി വിവരണം)

കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ്

എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ

"കണ്ടനാട് ഗ്രന്ഥവരി മലങ്കരസഭയുടെ ഒരു ക്ലാസ്സിക് ചരിത്രമാണ്. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ദൃക്സാക്ഷി എന്ന നിലയിൽ എഴുതിവച്ച ചരിത്രമാണിത്. മുഖ്യമായും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ചരിത്രമാണീ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. ചരിത്രബോധ്യങ്ങളുള്ള ഒരെഴുത്തുകാരൻ വിശദമായ ഡയറികുറിപ്പുകളായി രേഖപ്പെടുത്തിയതാണിത്. സങ്കീർണ്ണസ്വാഭാവമുള്ള പത്തൊമ്പതാം നൂറ്റാണ്ടിലെ ചരിത്ര സംഭവങ്ങളെ അതിൽ സാക്ഷിയും പങ്കാളിയുമായ ഒരാൾ രേഖപ്പെടുത്തി വച്ചതു മൂലം ചരിത്രഗ്രന്ഥത്തിന്റെ വിശ്വാസ്യതയും പ്രാമാണികതയും നൂറ് ശതമാനവും ലഭിച്ചിട്ടുണ്ട്. വിശുദ്ധ കർമ്മപൗരുഷം കൊണ്ട് മലങ്കരസഭയുടെ വീര്യത്തെ ഉണർത്തി ജനപങ്കാളിത്തം കൊണ്ട് അസൂയാവഹമായ കർമ്മമേഖലകൾ വിജയപൂർവ്വം വെട്ടിത്തുറന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണകാലഘട്ടത്തിന്റെ നേർ സാക്ഷ്യമാണീ കൃതി."

– ഡോ. ഗീവർഗീസ് മാർ യൂലിയോസ് പുലിക്കോട്ടിൽ

ഫാ. ഡോ. ജോസഫ് ചീരൻ സമാഹരിച്ചു പ്രസിദ്ധീരിച്ച കണ്ടനാട് ഗ്രന്ഥവരിയുടെ രണ്ടാം പതിപ്പ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു. 728 പേജുള്ള ഡീലക്സ് ബയന്റിംഗോടു കൂടിയ ഗ്രന്ഥത്തിന് വില 750 രൂപ.



അസർബൈജാനിൽ നടന്ന ജൂനിയർ ഇന്റർനാഷണൽ ബാഡ്മിന്റൺ: 2026 ടൂർണമെന്റിൽ മാസ്റ്റർ നേഥൻ മാത്യു വെള്ളി മെഡൽ കരസ്ഥമാക്കി. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയിൽ മാത്യു വർഗ്ഗീസിന്റെയും, ഡോണി മാത്യുവിന്റേയും മകനാണ്. തിരുമൂലപുരം മാർ ബസ്സേലിയോസ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക.



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

മുഖ്യവരാണാധികാരിയുടെ നേതൃത്വത്തിൽ സഭാ ആസ്ഥാനത്ത് യോഗം ചേർന്നു

ദേവലോകം: 2026 ഓഗസ്റ്റ് 27-നു മുളന്തുരുത്തിയിൽ സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനുമായി ബന്ധപ്പെട്ട് മുഖ്യവരണാധികാരി കെ. റ്റി. ചാക്കോ ഐ.എ.എസ്. (റിട്ട.) ന്റെ നേതൃത്വത്തിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ യോഗം ചേർന്ന് ക്രമീകരണങ്ങൾ വിലയിരുത്തി. ഡെപ്യൂട്ടി റിട്ടേണിംഗ് ഓഫീസർ അലക്സിൻ ജോർജ് ഐ.പി.ഒ.എസ്., അസി. റിട്ടേണിംഗ് ഓഫീസർമാരായ ഡോ. ജേക്കബ് കുര്യൻ ഓണാട്ട്, ഡോ. എം. ഇ. കുര്യാക്കോസ്, ഇ-വോട്ടിംഗിന്റെ ചുമതല വഹിക്കുന്ന തോമസ് ജോർജ്, പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി മലങ്കര മല്പാൻ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ്കോർഎപ്പിസ്ക്കോപ്പാ, ഡെപ്യൂട്ടി സെക്രട്ടറി പി. യു. കുര്യൻ എന്നിവർ സംബന്ധിച്ചു.



കൊല്ലം മെത്രാസന യുവജന പ്രസ്ഥാനം തലവൂർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര യുവജനപ്രസ്ഥാനത്തിന്റെ സഹകരണത്തോടെ സ്നേഹ സാഹോദര്യ ജ്വാലയും സത്ബോധനാ റാലിയും സംഘടിപ്പിച്ചു. സത്ബോധന റാലി പട്ടാഴി ജംഗ്ഷനിൽ മാർ ഗ്രിഗോറിയൻ നഗറിൽ സമാപിച്ചു. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, കിരൺ നമ്പൂതിരി, പട്ടാഴി ഇമാം ഹാഫിസ് മുസാഫിർ ഹുസ്നി എന്നിവർ ചേർന്ന് മതസാഹോദര്യത്തിന്റെ ജ്വാല തെളിയിച്ചു. 2000-ഓളം പേർ റാലിയിൽ സംബന്ധിച്ചു. പൊതുസമ്മേളനം പത്തനാപുരം എം.എൽ.എ. ജ്യോതികുമാർ ചാമക്കാല ഉദ്ഘാടനം ചെയ്തു. കൊല്ലം മെത്രാസനാധിപൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ലഫ്. കേണൽ. ഋഷി രാജലക്ഷ്മി മുഖ്യ അതിഥിയായി പങ്കെടുക്കുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു.



നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ (NIT Calicut) നിന്നും M.Tech (Power Systems) ഒന്നാം റാങ്ക് കരസ്ഥമാക്കിയ ആദർശ് കെ. സിജു. കോട്ടയം ഭദ്രാസനത്തിലെ സൗത്ത് പാമ്പാടി സെന്റ് തോമസ് വലിയപള്ളി ഇടവകാംഗം കോഴിവള്ളിൽ അഡ്വ. സിജു കെ. ഐസക്കിന്റെയും (പ്രസിഡണ്ട്, പാമ്പാടി ഗ്രാമ പഞ്ചായത്ത്) ഷൈനി ആനി വർഗീസിന്റെയും (അദ്ധ്യാപിക, എം.ഡി. സെമിനാരി ഹൈസ്കൂൾ, കോട്ടയം) മകനാണ്.